# റൈറ്റ് ക്ലിക്ക്



**2021-2023**
**ബാച്ച്**

## ലിറ്റിൽ
## കൈറ്റ്സ്
## ഡിജിറ്റൽ
## മാഗസിൻ



**ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്**





ശ്രീമതി.രാധിക ടീച്ചർ

ബഹു.ജില്ലാ പഞ്ചായത്ത് മെമ്പർ

തിരുവനന്തപുരം ജില്ല

# ആശംസകൾ



ഭീതിതമായ കാഴ്ചകൾക്കും
തകിടം മറിയുന്ന
കാഴ്ചപ്പാടുകൾക്കമപ്പുറം
വർത്തമാനകാലത്തിന്റെ സാധ്യതകളിലൂടെ
പ്രതീക്ഷയിലേയ്ക്ക് ഒരു പ്രയാണം....
പഠനത്തിന്റെ പുതിയ മാനങ്ങൾ
പരീക്ഷിക്കുവാനും കുട്ടിക്കാലത്തിന്റെ
ഊർജസ്വലത തികച്ചും
പ്രയോജനപ്പെടുത്താനും
ലിറ്റിൽ കൈറ്റ്സിലൂടെ സാധ്യമാകട്ടെന്ന്
ആശംസിക്കുന്നു.
ഉടലു കൊണ്ടും ഉയിരുകൊണ്ടും ജീവിക്കാൻ
പഠിപ്പിച്ച കാലപ്രവാഹത്തിന്റെ
സഞ്ചാരപഥങ്ങളിൽ ഒരു കാൽവയ്പ്പ്
കൂടിയാകട്ടെ ഈ വർഷത്തെ
പ്രവർത്തനങ്ങൾ!!
സ്വപ്നങ്ങളും പ്രതീക്ഷകളുമായി
നന്മയുടെ നല്ല കാലം എല്ലാ
കുഞ്ഞുങ്ങൾക്കും
ആശംസിക്കുന്നു.

ശ്രീമതി.സന്ധ്യ.സി,
ഹെഡ്മിസ്ട്രസ്
ഗവ.വി.എച്ച്.എസ്.എസ്,
വീരണകാവ്



ലിറ്റിൽ കൈറ്റ്സിലെ കുഞ്ഞുങ്ങളൊരുക്കിയ റൈറ്റ് ക്ലിക്ക് മാഗസിൻ സങ്കീർണതകളുടെ ഈ ലോകത്ത് ലളിതമായ ചിത്രങ്ങളും കഥകളും കവിതകളും കൊണ്ട് കുട്ടികളുടെതായ ഒരു ലോകം വരച്ചു കാണിച്ചിരിക്കുന്നു. സാങ്കേതികവിദ്യയും സാഹിത്യവേദിയും പങ്കിട്ടെടുത്തിരിക്കുന്ന ഈ മാഗസിൻ വരയുടെയും വർണത്തിന്റെയും ഒരു അനുഭവം പകരുകയാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ചവർക്ക് ആശംസകൾ നേരുന്നു.

**ശ്രീമതി.രൂപാ നായർ,**
**പ്രിൻസിപ്പൽ**
**ഗവ.വി.എച്ച്.എസ്.എസ്,**
**വീരണകാവ്**

**ലിറ്റിൽ കൈറ്റ്സ് മാഗസിന് ആശംസകളുമായ്.........................**



റൈറ്റ് ക്ലിക്ക് എന്നത് ജീവിതത്തിൽ അനിവാര്യമായതാണ്.പഠനത്തിലും തുടർജീവിതത്തിലും ശരിയായവ തിരഞ്ഞെടുക്കുകയാണ് വിജയത്തിനാധാരം.ഈ മാഗസിൻ വാക്കു കൊണ്ടും പ്രവർത്തികൊണ്ടും റൈറ്റ് ക്ലിക്ക് ചെയ്യാൻ പരിശീലിക്കുന്ന കുഞ്ഞുങ്ങളുടെ അധ്വാനത്തിന്റെ ഫലമാണ്.

എല്ലാവർക്കും നല്ലൊരു ഭാവി ആശംസിക്കുന്നു.

ഇതിനു പിന്നിൽ പ്രവർത്തിച്ചവരെ അഭിനന്ദിക്കുന്നു.

ശ്രീ.സലാഹുദ്ദീൻ
പി.ടി.എ പ്രസിഡന്റ്

എഴുത്തിന്റെയും വരയുടെയും
വർണപ്രപഞ്ചവുമായി
ലിറ്റിൽ കൈറ്റ്സ്
അണിയിച്ചൊരുക്കിയ
മാഗസിൻ എക്കാലവും
ഓർമയിൽ സൂക്ഷിക്കാവുന്ന
ഒരു അമൂല്യനിധിയായി
ഓർമകളുടെ ചെപ്പിൽ
ഭാവിയുടെ കൈകളിൽ
റൈറ്റ് ക്ലിക്കായി
കാണുമെന്നതിൽ
സംശയമില്ല!!!
ഡിജിറ്റൽ യുഗത്തിൽ
ഡിജിറ്റൽ
മാഗസിനുമായി
നമ്മുടെ ഡിജിറ്റൽ
കുഞ്ഞുങ്ങൾക്ക്
ആശംസകൾ!!!



ശ്രീ.മുഹമ്മദ് റാഫി
എസ്.എം.സി ചെയർമാൻ,
ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്

**ലിറ്റിൽ കൈറ്റ്സ് മാഗസിന് ആശംസകളുമായ്.........................**



## ആശംസകളോടെ....

ശ്രീ.ജിജിത്ത് ആർ നായർ

പിടിഎ വൈസ് പ്രസിഡന്റ് ,

ആനാകോട് വാർഡ് മെമ്പർ



## ആശംസകളോടെ....

പ്രതീക്ഷ

മാഗസിൻ എഡിറ്റിംഗ്

സോഷ്യൽ സയൻസ് ക്ലബ്



## ആശംസകളോടെ....

ശ്രീമതി.രജിത
എം പി ടി എ പ്രസിഡന്റ്
ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്



# ചാലകശക്തി



## ശ്രീ.സതീഷ് സാർ

## MT, KITE

# ആശംസകളോടെ....



ശ്രീകാന്ത് സാർ
സ്റ്റാഫ് സെക്രട്ടറി



ഡീഗാൾ സാർ
മുൻ സ്റ്റാഫ് സെക്രട്ടറി



ശ്രീജ ടീച്ചർ
സീനിയർ അസിസ്റ്റന്റ്



ഡോ.പ്രിയങ്ക പി യു
SRG കൺവീനർ



ശ്രീമതി.റെൻഷി,ലൈബ്രേറിയൻ

ലിറ്റിൽ കൈറ്റ്സ് 2021-2023

അണിയറ ശില്പികൾ



അഡ്വ.വീരണകാവ് ശിവകുമാർ
മുൻ പിടിഎ പ്രസിഡന്റ്



ശ്രീമതി.ബിന്ദു(മുൻ MPTA പ്രസിഡന്റ്)



ശ്രീമതി.സിമി എൽ ആന്റണി
ലിറ്റിൽ കൈറ്റ്സ് മുൻ മിസ്ട്രസ്

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസുമാർ



ലിസി ടീച്ചർ



നിമ ടീച്ചർ

ലിറ്റിൽ കൈറ്റ്സ് ലീഡേഴ്സ്



ശരണ്യ പി ബി



കാർത്തിക് എച്ച് പി

# എഡിറ്റോറിയൽ



ജീവിതത്തിലെ നിർണായക ഘട്ടങ്ങളിലെ ശരിയായ തീരുമാനങ്ങളാണ് ഒരാളുടെ ഭാവി നിർണയിക്കുന്നത്. കമ്പ്യൂട്ടറിൽ റൈറ്റ് ക്ലിക്ക് ചെയ്താൽ കട്ട്,കോപ്പി,പേസ്റ്റ് തുടങ്ങിയ പ്രധാന നിർദേശങ്ങൾ ലഭിക്കുന്ന പോലെ ജീവിതത്തിൽ ഉപേക്ഷിക്കേണ്ടവയോട് കട്ട് പറയാനും മാതൃകയാക്കേണ്ടത് കോപ്പി ചെയ്യാനും നല്ലതെല്ലാം പേസ്റ്റ് ചെയ്യാനും സാധിച്ചാൽ ജീവിത വിജയം നേടാനാകും.മാറി മറിയുന്ന ഇന്നത്തെ ലോകത്തിൽ റൈറ്റ് ക്ലിക്കുകൾക്ക് വലിയ പ്രാധാന്യമുണ്ട്.

ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ സാങ്കേതികരംഗത്ത് മികവ് നേടുമ്പോൾ,അവരുടെ മുന്നിൽ തുറന്നിട്ടിരിക്കുന്ന അനേകം ജാലകങ്ങളുണ്ട്.അതിൽ ഏതിലൂടെ വിശാലമായ ലോകത്തെയും അതിവിദൂരമായ ആകാശത്തേയും കാണണമെന്നത് അവരവർ നിശ്ചയിക്കേണ്ട കാര്യങ്ങളാണ്.പട്ടങ്ങൾ പോലെ പറക്കുമ്പോഴും ചരടിന്റെ മേൽ നിയന്ത്രണം ആവശ്യമാണ്-റൈറ്റ് ക്ലിക്ക് ചെയ്താൽ പാറി പറക്കാം-അനന്തവിഹായസ്സ് മുന്നിലുണ്ട്...........

ലിസി ടീച്ചർ (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്& ഐ ടി കോർഡിനേറ്റർ )
ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്

# റൈറ്റ് ക്ലിക്ക്

**ഉള്ളടക്കം**


സ്കൂൾവിക്കി മികവിൽ
ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്................14
അക്ഷരമുറ്റം.....................................................15
മഴയെ നീ എന്താണ്? കവിത............................17
പ്രാദേശിക ചരിത്രം..........................................18
മഴവില്ല്...........................................................24
ചിന്താരത്നങ്ങൾ..............................................25
അച്ഛൻ...........................................................25
ധീരത.............................................................26
നല്ല ചങ്ങാതിമാർ............................................27
ടോട്ടോ-ചാൻ...................................................28
ദൈവത്തിന്റെ കൈകൾ....................................29
കഥ.................................................................29
ദൈവത്തിന്റെ..................................................29
മഴ..................................................................30
കമ്പ്യൂട്ടർ വികസിപ്പിച്ചത് എങ്ങനെ?...................31
കാറ്റ് പറഞ്ഞ കഥ............................................31
പൂച്ചമ്മ............................................................32
......................................................................32
പുഴ.................................................................32
......................................................................32
സുഹൃത്ബന്ധം..................................................33
വീട്.................................................................34
യാത്ര...............................................................35
ഒരേ ഒരു ഭൂമി...................................................37
മാറ്റാം ഗണിതത്തോടുള്ള ഭയം............................38
ലേഖനം...........................................................38
കണിക്കൊന്ന...................................................41
അമ്മ...............................................................43
പഴഞ്ചൊല്ലുകൾ................................................44
അമ്മ എന്ന ഭൂമി................................................45
പെൺകരുത്ത്...................................................46
പഴഞ്ചൊല്ലുകളും ഉത്തരങ്ങളും..............................51
മനുഷ്യൻ കൊതിക്കുന്ന സൂര്യൻ...........................52
ഗ്രന്ഥപൂരയും...................................................53
വായനാശീലവും................................................53
കുട്ടികളിൽ.......................................................53
തള്ളക്കിളി........................................................54
മാലാഖയും ലിറ്റിൽ കൈറ്റ്സും.............................55
കൊച്ചുരാജകുമാരൻ..........................................57
കുഞ്ഞിത്തവളയുടെ അഹങ്കാരം...........................57
പവിഴമുത്തുകൾ...............................................59
കാക്കലാം കാനം...............................................62
നായയും അവന്റെ പ്രതിബിംബവും.......................63
പ്രകാശം പറയുന്നവർ.........................................64






# സ്കൂൾവിക്കി മികവിൽ ഗവ.വി.എച്ച്.എസ്.എസ്,വീരണകാവ്

ഹാളിൽ വച്ച് നടന്ന സ്കൂൾ വിക്കി അവാർഡ് വിതരണ ചടങ്ങിൽ വച്ച് ബഹു.വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി ശിവൻകുട്ടിയിൽ നിന്നും ഏറ്റുവാങ്ങി.



സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളുടെയും പങ്കാളിത്തത്തോടെ പൊതുവിദ്യാഭ്യാസവകുപ്പിനു വേണ്ടി കൈറ്റ് തയ്യാറാക്കിയ ഓൺലൈൻ വിജ്ഞാനകോശമായ സ്കൂൾ വിക്കിയിലെ പങ്കാളിത്തരൂപത്തിലുള്ള വിവരശേഖരണമികവിനുള്ള അംഗീകാരമായി ഈ വർഷത്തെ സ്കൂൾവിക്കി അവാർഡിൽ ജില്ലാതലത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കികൊണ്ട് ഗവ.വി.എച്ച്.എസ്.എസ്, വീരണകാവ് കാട്ടാക്കട താലൂക്കിന്റെ അഭിമാനമായി മാറിയിരിക്കുന്നു.മെമന്റോയും പ്രശസ്തിപത്രവും പതിനായിരം രൂപയുടെ ക്യാഷ് പ്രൈസും സ്കൂളിനു വേണ്ടി ഹെഡ്മിസ്ട്രസ് ശ്രീമതി.സന്ധ്യയും പ്രിൻസിപ്പൽ ശ്രീമതി.സൂസൻ വിൽഫ്രഡും പി.ടി.എ പ്രസിഡന്റ് ശ്രീ വീരണകാവ് ശിവകുമാറും സ്കൂൾ ഐ.ടി കോർഡിനേറ്റർ ലിസി ടീച്ചറും ലിറ്റിൽകൈറ്റ്സ് ലീഡേഴ്സായ കുട്ടികളും ചേർന്ന് 2022 ജൂലൈ 1 ന് തിരുവനന്തപുരം നിയമസഭാ സമുച്ചയത്തിലെ ആർ ശങ്കരനാരായണൻ തമ്പി

ഇന്ത്യയിൽ പ്രാദേശികഭാഷയിൽ തയ്യാറാക്കുന്ന ഏറ്റവും ബ്രഹത്തായ വിവരശേഖരണമായ സ്കൂൾവിക്കിയിൽ കൃത്യതയുള്ള വിവരശേഖരണത്തിലും ചരിത്രവസ്തുതകളുടെ കൂട്ടിച്ചേർക്കലിലും സ്കൂളിന്റെ ഭൗതികവും അക്കാദമികവും അക്കാദമികേതരവുമായ വിവരങ്ങളുടെ ഉള്ളടക്കമികവിലും നാടോടിവിജ്ഞാനത്തിന്റെ കണ്ടെത്തലിലും ഉൾപ്പെടെ നടത്തിയ അറിവിന്റെ ജനാധിപത്യപ്രവർത്തന മികവിന്റെ അംഗീകാരമായി മാറി വീരണകാവ് സ്കൂളിന്റെ ചരിത്രനേട്ടം. പൊതുവിദ്യാഭ്യാസവകുപ്പിന്റെ വിദ്യാഭ്യാസമുന്നേറ്റത്തിനോടൊപ്പം എല്ലാ രംഗങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന ,മലയോരമേഖലയിൽ സാധാരണക്കാരന്റെ മക്കൾ പഠിക്കുന്ന ഈ സർക്കാർ സ്കൂൾ കാട്ടാക്കട താലൂക്കിലേയ്ക്ക് ആദ്യമായി സ്കൂൾ വിക്കി അവാർഡ് എത്തിച്ചുവെന്നത് അഭിമാനാർഹമായ നേട്ടമാണ്.

ഏകദേശം 1739 സ്കൂളുകളുകൾ മത്സരിച്ചതിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 45 സ്കൂളുകളിൽ ഒന്നാകാൻ ഈ സ്കൂളിനെ പ്രാപ്തമാക്കിയത് ചിട്ടയോടെയുള്ള പഠനവും അക്കാദമികമികവുമാണ്.അധ്യാപകരും അനധ്യാപകരും പി.ടി.എ യും തോളോടുതോൾ ചേർന്ന് സ്കൂളിന്റെ ഉന്നമനത്തിനായി പ്രയത്നിക്കുന്നതിന്റെ ഫലമാണ് ഈ നേട്ടം.കാട്ടാക്കട വിദ്യാഭ്യാസ ഉപജില്ലയ്ക്കും പൂവച്ചൽ പഞ്ചായത്തിനും അഭിമാനമായി മാറിയിരിക്കുകയാണ് സ്കൂൾ വിക്കി ജില്ലാതല പുരസ്കാരത്തിലൂടെ വീരണകാവ് സ്കൂൾ.

# അക്ഷരമുറ്റം



## അക്ഷരമുറ്റം

കവിത

അക്ഷരമുറ്റത്തുയലാടാൻ വരു ഉത്സവ പുലരിയിൽ
വസന്തവും, വേനലും വന്നുപോയി
വസന്തവും വേനലും വന്നുപോയി
ചാറ്റൽ മഴയത്ത് പോരു നീ
ചാറ്റൽ മഴയത്ത് പോരു നീ
അക്ഷരമുറ്റത്തുയാലാടാൻ വരു ഉത്സവ
പുലരിയിൽ
വസന്തവും വേനലും വന്നു പോയി
വസന്തവും വേനലും വന്നു പോയി

വർണ്ണ കുടയുമേന്തി പുതു പുത്തനുടുപ്പണിഞ്ഞു
കളിയാടി പാടാനായി പോരു നീ
പുസ്തകത്താളിൻ സുഗന്ധം അറിഞ്ഞ്
അറിവിന്റെ പടവുകൾ കേറിടാം
അറിവിന്റെ പടവുകൾ കേറിടാം

വർണ്ണക്കുടയുമേന്തി പുതുപുത്തനുടുപ്പണിഞ്ഞു
വരവേൽപ്പൂ വീരണകാവ് വിദ്യാലയം
വരവേൽപ്പൂ വിരണകാവ് വിദ്യാലയം

അക്ഷരമുറ്റത്തുയലാടാൻ വരു ഉത്സവ
പുലരിയിൽ....



അനശ്വർ ദേവ് വി എൻ
ക്ലാസ് 2



# മഴയെ നീ എന്താണ്? കവിത



മഴയെ നി എന്താണ്?
മഴയെ നി എന്താണ്?

കാർമേഘത്തിന്റെ
തേങ്ങല്ലോ നീ?
അതോ ആനന്ദ
കണ്ണീരോ നീ?

മഴയെ നി എന്താണ്?
മഴയെ നി എന്താണ്?

നിന്റെ കണ്ണുനീരിലോ
ഞാൻ ആടി
ഉലഞ്ഞത്?
നിന്റെ കണ്ണുനീരിലോ
ഞാൻ നീരാടിയത്?

മഴയെ നി എന്താണ്?
മഴയെ നി എന്താണ്?

ഉത്തരം കിട്ടാത്ത
ചോദ്യമാണ് നീ.....
ഉത്തരം കിട്ടാത്ത
സാഗരമാണ് നീ.....

മഴയെ നി എന്താണ്?
മഴയെ നി എന്താണ്?



ആദിത്യ എസ് ആർ
ക്ലാസ് 10 B

# പ്രാദേശിക ചരിത്രം

# പൂവച്ചലിന്റെ ചരിത്രം-പൂക്കൾക്കൊരിടം

**തയ്യാറാക്കിയത് - സോഷ്യൽ സയൻസ് ക്ലബ്**

## സ്ഥലനാമചരിത്രം

പ്രാദേശിക ചരിത്ര രചനയിൽ ഒഴിവാക്കാനാവാത്ത ഘടകമാണ് സ്ഥലനാമചരിത്രം. ഓരോ സ്ഥലനാമമായ ആ പ്രദേശത്തിന്റെ ചരിത്രമോ, പരിസ്ഥിതിയോ, പ്രകൃതിയോ, ഭൂസ്ഥിതി യോ,സാമൂഹ്യഘടനയോ, വിശ്വാസമോ,ഉൾക്കൊള്ളുന്നത് ആയിരിക്കാം. ഒരു സ്ഥലത്തിന്റെ പേരിൽ പ്രത്യക്ഷമായ തെളിവുകളോ, പരോക്ഷമായ സൂചനകളോ, ഉണ്ടാകാം.കാലങ്ങൾകഴി യുന്നതനുസരിച്ച പേരിന് പലതരത്തിൽ രൂപമാറ്റം സംഭവിച്ചിരിക്കാം. എന്നിരുന്നാലും ഒരു പ്രദേശത്തിന്റെ പേര് അതിന്റെ ചരിത്രത്തിലേക്കുള്ള വഴിവിളക്കാണ്.



പൂവച്ചൽ എന്ന സ്ഥലനാമം ആ പ്രദേശത്തിന്റെ പ്രാധാന്യത്തെ വ്യക്തമാക്കുന്നു. കൂടുതലും ഇടനാട്ടിൽ ഉൾപ്പെട്ട ഈ പ്രദേശം മലനാടിനെയും തീരപ്രദേശത്തെയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായിരുന്നു എന്നത്. "പൂവച്ചൽ " എന്ന പേരിൽ നിന്ന് വ്യക്തമാണ്

വനത്തിൽ നിന്നും ശേഖരിക്കുന്ന പൂജാപുഷ്പങ്ങൾ കൊട്ടാരത്തിൽ എത്തിക്കുന്നവർക്ക് വഴിയിൽ "പൂവച്ച് " വിശ്രമിക്കാൻ ഒരുക്കിയ ഇടം "പൂവച്ചൽ" ആയി മാറി എന്നാണ് സ്ഥലനാമ പഠനം നടത്തുന്നവരുടെ അഭിപ്രായം . കുറ്റിച്ചൽ, ആമച്ചൽ,ഊരുച്ചൽ, പള്ളിച്ചൽ എന്നിങ്ങനെ "ചാൽ " സാമാന്യ വാചിയായ് വരുന്ന സ്ഥലനാമങ്ങൾ കാട്ടാക്കടയിൽ നിരവധിയുണ്ട്.

വെള്ളമൊഴുകാറുള്ളതോ നീരൊഴുക്കിന്റെ സാമീപ്യമുള്ളതോ ആയ ചരിഞ്ഞ പ്രദേശമെന്നാണ് "ചാൽ" എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. പൂവച്ചൽ എന്ന സ്ഥലനാമത്തിൽ വിശേഷ വാചിയായി വരുന്ന "പൂവ്വ" വൃക്ഷനാമമാണ്

അയണി മൂട്ടിൽ ശാസ്താവിനെ പൂർവ്വ സ്ഥാനം പൂവ്വ മരച്ചവട്ടിലായിരുന്നു. പൂവ്വ വൃക്ഷത്തിന്റെ സവിശേഷത കൈ വന്നതും അടയാളമായും അങ്ങനെയാണ്

## ജനജീവിതം അന്നും ഇന്നും

**1. കെട്ടിടം**

പണ്ടുകാലത്ത് ഓലയും പനയോലയും കൊണ്ടുള്ള കുടിലുകൾ ആയിരുന്നു കൂടുതലായും കാണപ്പെട്ടിരുന്നത്. ചാണകവും കരിയും കൊണ്ടുമെഴുകിയ തറയായിരുന്നു. സമ്പന്നരുടെ വീടുകളിൽ മാത്രം മുട്ടത്തോടും കരിയും കൊണ്ടുള്ള തറയായിരുന്നു. ഇപ്പോൾ ടെറസ്സ്, ഷീറ്റ് എന്നിങ്ങനെയുള്ള കെട്ടിടങ്ങളായിരുന്നു കൂടുതൽ.സിമന്റും, ടൈലും ,.ഉള്ള തറകളാണ്.

**2. കുടിവെള്ളം**

പണ്ടുകാലത്ത് നീരുറ വകളെയും,കുളങ്ങളെയും, പുഴകളെയും,തോടുകളെയും, അരുവികളെയും, ആയിരുന്നു കുടിവെള്ളത്തിനായി ആശ്രയിച്ചിരുന്നത്. അന്നത്തെ കാലത്ത് ജനങ്ങൾ മൈലുകൾ താണ്ടി ആയിരുന്നു കുടിവെള്ളം ശേഖരിക്കാൻ പോയിരുന്നത്.

ഇപ്പോഴത്തെ കാലത്ത് ജനങ്ങൾ കുടിവെള്ളത്തിനായി കിണറുകളെയും, പൈപ്പുകളെയുമാണ് ആശ്രയിക്കുന്നത്. അതിനാൽ ജനങ്ങൾക്ക് കുടിവെള്ളത്തിനായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. അതുകൊണ്ടുതന്നെ പണ്ടുകാലത്തെ ജലസ്രോതസ്സുകളെ സംരക്ഷിക്കാനോ നിലനിർത്താനോ ആരും ശ്രമിക്കുന്നില്ല.

**3. ഭക്ഷണം**

അന്നും ഇന്നും അരി തന്നെയാണ് മുഖ്യാഹാരം. പണ്ട് കാലത്ത് പഴങ്കഞ്ഞിയും മരച്ചീനിയും ആയിരുന്നു അവരുടെ പ്രധാനാഹാരം. ഇത് കഴിച്ചായിരുന്നു

അവർ വിശപ്പകറ്റിയിരുന്നത്.

ഇപ്പോഴത്തെ കാലത്ത് പല രീതിയിലുള്ള ഭക്ഷണസാധനങ്ങളാണ് കഴിക്കാൻ ഉപയോഗിക്കുന്നത്.

**4. രോഗം**

പണ്ട് കാലത്ത് എന്തെങ്കിലും അസുഖങ്ങൾ വന്നാൽ നാട്ടുവൈദ്യൻ സഹായത്തോടുകൂടി പച്ചിലമരുന്നുകളും നാട്ടുചികിത്സയോടു കൂടി രോഗങ്ങൾ മാറ്റിയിരുന്നു.

ഇപ്പോഴത്തെ കാലത്ത് ജനങ്ങൾ ആയുർവേദചികിത്സയിൽ നിന്നും അലോപതി യിലേക്ക് മാറിക്കഴിഞ്ഞു. എന്ത് രോഗം വന്നാലും ആശുപത്രിയിലെ ചികിത്സയെ ആശ്രയിക്കുന്നു.

**5. വസ്ത്രധാരണം**

പണ്ടുകാലത്ത് സ്ത്രീകൾ മുണ്ടും നേരിയതുമായിരുന്നു ധരിച്ചിരുന്നത്.പുരുഷൻന്മാർ മുണ്ടും തോർത്തുമാണ് ധരിച്ചിരുന്നത്.

ഇപ്പോഴത്തെ കാലത്ത് സ്ത്രീകളും പുരുഷന്മാരും മോഡേൺ വസ്ത്രങ്ങളാണ് ധരിക്കുന്നത്.

## കാർഷികോപകരണങ്ങൾ

മൺവെട്ടി,പിക്കാസ്,കോടാലി,അരിവാൾ,മുതലായവ യുടെ സ്ഥാനത്ത് യന്ത്രങ്ങൾ വന്നതോടെ കാർഷിക തൊഴിലിലും മാറ്റങ്ങളുണ്ടായി.

വിദ്യാഭ്യാസം

സാധാരണക്കാരായ മനുഷ്യർ, പണ്ട് പഠനത്തെ ഉയർന്നവന് മാത്രം എന്നു കരുതി മാറ്റിനിർത്തിയിരുന്നു.സ്ത്രീകളെയും കുട്ടികളെയും പഠിപ്പിക്കുന്ന കാര്യം ചിന്തിക്കാൻ

പോലുമാകുമായിരുന്നില്ല.പിന്നീട് പഠനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ഇന്ന് കുട്ടികളെ

സ്കൂളിൽ വിടാൻ മത്സരിക്കുകയും ചെയ്യുന്നു.ഇന്ന് സ്ഥിതി മാറി.

ഗതാഗതമാർഗങ്ങൾ

അന്ന് കാളവണ്ടിയാണ് പ്രധാന ഗതാഗതമാർഗം.മധ്യകാലഘട്ടത്തിന്റെ ആരംഭത്തിൽ കൂടുതൽ റെയിൽവേ ലൈനുകളും മറ്റും വന്ന



## ചരിത്ര നായകന്മാർ

ഒരു പ്രദേശം പ്രശസ്തമാകുന്നത് അതിലെ ജനങ്ങളിലൂടെ ആണ്. പൂവച്ചലിന്റെ യശസ്സുയർത്തിയ വ്യക്തികൾ ചരിത്രത്തിലെ സവിശേഷമായ സാന്നിധ്യങ്ങൾ ആണ്. പാരമ്പര്യവുമായി ബന്ധപ്പെട്ട കേരളീയ കലകൾ ഒരു സംസ്കൃതിയുടെ തെളിവുകളാണ്. പൂവച്ചലിൽ ഇങ്ങനെയുള്ള അനേകം കലാകാരന്മാരെ നമുക്ക് കാണാൻ സാധിക്കും. പൂവച്ചൽ വളയിട്ടാശാന്റെ റിട്ട വീശു കളിയും, പൂവച്ചൽ ഷണ്മുഖ ആശാന്റെ തിരുവാതിര വിദ്യാലയവും, പന്നിയോട് ലാസർ, ആനാകോട് ഗോപാലപിള്ള എന്നിവരുടെ കാക്കാരു കളിയും, പൂവച്ചൽ ആലയിൽ രാമകൃഷ്ണപിള്ളയുടെ ഹരി - കഥ പ്രസ്ഥാനവും, വട്ടകുളം സനൽ ( ചിത്ര ശില്പകല), പൂവച്ചൽ വാസുകാണിയുടെ കമ്പടമ്പ് കളിയും , പൂവച്ചൽ കാവ് മൂലയിൽ ശങ്കരപ്പിള്ളയുടെ പരിചകളിയും, പന്നിയോട് കുഞ്ഞുകുഞ്ഞു ആശാനും ഒക്കെ പൂവച്ചലിന്റെ അറിയപ്പെടാതെപോയ അഭിമാന താരങ്ങളാണ്.

കാട്ടാക്കടയുടെ നാടക ചരിത്രം തുടങ്ങുന്നത് 1930 ന് ശേഷമാണ് . കാട്ടാക്കടയിൽ അറിയപ്പെടുന്ന ആദ്യകാല നാടകനടൻ അരുവിക്കര രാജുവാണ്. 1946 ൽ ഇദ്ദേഹം അഭിനയരംഗത്ത് സജീവമായി. തൊട്ടുപിന്നാലെ പൂവച്ചൽ ഭാസ്കരൻനായർ എത്തി. അദ്ദേഹം ഏറെക്കാലം കലാനിലയത്തിൽ നടനായിരുന്നു. 19 55 65 കാലയളവിൽ നാടക രംഗം കൂടുതൽ സജീവമായി. അമച്വർ നാടകരംഗവും, പ്രൊഫഷണൽ നാടക രംഗവും, ഈ കാലയളവിൽ അഭിവൃദ്ധിപ്പെട്ടു. പൂവച്ചൽ, കുറ്റിച്ചൽ, കള്ളിക്കാട്, പ്രദേശങ്ങളിൽ അമച്വർ നാടക സമിതികൾ രൂപംകൊണ്ടു. കുന്നിൽ തങ്കപ്പൻ നായർ, ജെ എം കട്ടയ്ക്കോട്, സയറസ്, പൂവച്ചൽ ബഷീർ, കാര്യയോട് ജോൺസൺ, മലയൻകീഴ് വാസുദേവൻ നായർ, കേശവൻനായർ, പി.ബാലകൃഷ്ണൻ, തെക്കേമഠം ബാലകൃഷ്ണൻ നായർ, തുടങ്ങിയ കലാകാരന്മാരായിരുന്നു ഇതിനുപിന്നിൽ.

പൂവച്ചൽ ബഷീർ, ജോയി നന്ദാവനം, അമ്പൂരി ശ്രീറാം, എന്നിവർ സംവിധാന രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചു. ഇവർക്കെല്ലാം പുറമേ നാടകത്തിന്റെ അണിയറയിൽ പ്രവർത്തിച്ച ഒട്ടേറെ കലാകാരന്മാരുടെ നാടു കൂടിയാണ് പൂവച്ചൽ.

**പൂവച്ചൽ സീതി**

1987 ന മാർച്ച് 3 പൂവച്ചലിൽ ജനിച്ചു. ചെറുപ്പം മുതൽ മുസ്ലിം ലീഗിന്റെ സജീവ പ്രവർത്തകനായിരുന്നു. ജില്ലാ ട്രഷറർ,ജില്ലാ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ലീഗ് സംസ്ഥാന കമ്മിറ്റി

അംഗമാണ്. പൂവച്ചൽ പഞ്ചായത്ത് ഭരണസമിതിയിൽ 15 വർഷം അംഗമായിരുന്നു. ആലമുക്ക്,ക്ഷീരസംഘം പ്രസിഡന്റ്, സ്വതന്ത്ര തൊഴിലാളി യൂണിയൻ,ജില്ലാ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

**പൂവച്ചൽ ഖാദർ**

പ്രശസ്ത ചലച്ചിത്ര ഗാന രചയിതാവ് പൂവച്ചൽ ഖാദർ 1948 ന് ഡിസംബർ 25 ന് പൂവച്ചലിൽ ജനിച്ചു.വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ആകാശവാണിയിൽ ലളിത ഗാനങ്ങൾ എഴുതി. 1973 ലാണ് ചലച്ചിത്ര രംഗത്ത് എത്തുന്നത്. 'കാറ്റു വിതച്ചവൻ 'ആണ് ആദ്യചിത്രം. എന്നാൽ ആദ്യം റിലീസ് ചെയ്തത് 'ചുഴി' എന്ന ചിത്രമാണ്. എം എസ് ബാബുരാജ് ആയിരുന്നു ചുഴിയുടെ സംഗീതസംവിധായകൻ. ദേവരാജൻ, കെ. രാഘവൻ ഇളയരാജ, രവീന്ദ്രൻ,ജോൺസൺ,എ. ടി.ഉമ്മർ, ശ്യാം, എം.കെ അർജ്ജുനൻ, എം.ജി. രാധാകൃഷ്ണൻ, എന്ന് തുടങ്ങി മിക്ക സംഗീത സംവിധായകർക്കൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. തൊള്ളായിരത്തോളം ഗാനങ്ങളെഴുതി. കേരള സംഗീത നാടക അക്കാദമി അവാർഡ്, പി ഭാസ്കരൻ



പുരസ്കാരം, ഫിലിം ക്രിട്ടിക്സ് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**എസ്.ജലീൽ മുഹമ്മദ്**

1949 ഏപ്രിൽ 9 ന് പൂവച്ചലിൽ ജനിച്ചു. പിതാവ് എം.ശക്കീർ മാതാവ് ഐഷാബീവി. അഭിഭാഷകനാണ്. കെ എസ് യു വിലൂടെ രാഷ്ട്രീയ രംഗത്തെത്തി. കെ എസ് യു വിന്റെ യും യൂത്ത് കോൺഗ്രസിന്റെ യും സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്നു.

ഡി. സി. സി നിർവാഹക സമിതി അംഗമാണ്. രാജീവ് ഗാന്ധി റൂറൽ ഡെവലപ്മെന്റ് സെന്റർ ചെയർമാൻ, പ്രിയദർശിനി ചാരിറ്റബിൾ ഫൗണ്ടേഷൻ ഡയറക്ടർ, എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

## ചരിത്രസംഭവങ്ങൾ

സാമൂഹ്യനീതിക്കും അവകാശങ്ങൾക്കും വേണ്ടി ഒട്ടേറെ പോരാട്ടങ്ങൾ അരങ്ങേറിയ നാടാണ് പൂവച്ചൽ. സാധുജനപരിപാലനസംഘം ആഹ്വാനം ചെയ്ത പണിമുടക്ക് സമരം, മികച്ച ഭൂമി സമരം, കാട്ടാക്കട ആശുപത്രി സമരം,

ആർ കെ വി എസ്റ്റേറ്റ് സമരം, നാട്ടുകാണി തോട്ടം തൊഴിലാളി സമരം, നെട്ടുകാൽത്തേരി സമരം, അമ്പൂരി എസ്റ്റേറ്റ് സമരം, നിരപ്പു കാല സമരം, കോട്ടൂർ ശ്രീകൃഷ്ണ പ്ലാന്റേഷൻ സമരം, കുട്ടപ്പൂ എസ്റ്റേറ്റ് സമരം, കർഷക തൊഴിലാളി കൂലി വർധന സമരം,

തൊഴിൽ സമരങ്ങൾ, സംസ്ഥാന വ്യാപകമായി

നടന്ന വിമോചന സമരം, 1972 ലെ വിദ്യാഭ്യാസ സമരം, 1973-ലെ എൻ.ജി.ഒ അധ്യാപക സമരം , 1974 വൈദ്യുതി ജീവനക്കാരുടെ സമരം, 1981 ലെ

കർഷകത്തൊഴിലാളി സമരം, എന്നിവയെല്ലാം പൂവച്ചലിന്റെ പ്രാതിനിധ്യം ഉണ്ടായിരുന്നു.

**കാട്ടാക്കട താലൂക്ക് സമരം[1]**

1972 മുരുകൻ ജി പ്രസിഡന്റും പത്മകുമാർ സെക്രട്ടറിയുമായ കൗൺസിൽ ഫോർ സിറ്റിസൺ ഓഫ് കേരള എന്ന സംഘടന കാട്ടാക്കട താലൂക്ക് രൂപീകരിക്കണമെന്നാവശ്യ മുന്നയിച്ച് ആദ്യമായി സൂചനാ സമരം നടത്തി.

1991 ൽ കർമ്മ സമിതിയുടെ നേതൃത്വത്തിന് മുരുകൻജി വീണ്ടും ഒറ്റയാൾ സമരം ആരംഭിച്ചു. 2007 ൽ പൗരസമിതിയുടെ നേതൃത്വത്തിൽ മുരുകൻജി വീണ്ടും നിരാഹാരസമരം ആരംഭിച്ചു.13 ദിവസം സമരം നീണ്ടുനിന്നു.2014 ൽ ഉമ്മൻചാണ്ടി സർക്കാർ കാട്ടാക്കട താലൂക്ക് പ്രഖ്യാപിച്ചു. ഈ സമരത്തിൽ പൂവച്ചലിലെ ധാരാളം പേർ പങ്കെടുത്തു.

**ചന്ത സമരം[2]**

കാട്ടാക്കടയിൽ 1950-കളിൽ കർഷകർ നേരിട്ട ഏറ്റവും വലിയ വെല്ലുവിളിയായിരുന്ന അമിതമായ ചന്ത ചുങ്കം. "ഊച്ചാളി ഫീസ്" നൽകാതെ ചന്തയ്ക്കുള്ളിൽ പ്രവേശനം സാധ്യമായിരുന്നില്ല. കരാറുകാരുടെ കൈ ക്കരുത്തിന് മുന്നിൽ സർക്കാർ സംവിധാനങ്ങൾ അനങ്ങിയില്ല. ഈ പകൽക്കൊള്ളക്കെതിരെ പോരാടാൻ ആദ്യം രംഗത്തിറങ്ങിയത് കമ്മ്യൂണിസ്റ്റുകാരനും പത്രപ്രവർത്തകനുമായ ആർ ബാലകൃഷ്ണപിള്ള യായിരുന്നു.പൂവച്ചലിലെ കർഷകർ ഈ സമരത്തിൽ അണിചേർന്നു.

## ചരിത്രസ്മാരകം

ഒരു പ്രദേശത്തിന്റെ സംസ്കൃതിയുടെ അവശേഷിപ്പുകളാണ് ചരിത്രസ്മാരകങ്ങൾ. പലപ്പോഴും ചരിത്രശേഷിപ്പുകൾ അവഗണിക്കപ്പെടുകയോ മണ്ണറഞ്ഞു പോവുകയോ ചെയ്യാറുണ്ട്. പൂവച്ചലിന്റെ ചരിത്രം ശരിയായ രീതിയിൽ പുനഃസൃഷ്ടിക്കാൻ കഴിയാത്തതിന്റെ ഒരു പ്രധാന കാരണം ചരിത്രശേഷിപ്പുകൾ കണ്ടെത്താനും, പരിരക്ഷിക്കാനും, ശരിയായ രീതിയിൽ കഴിയാത്തതാണ്.



ആരാധനാലയങ്ങൾ,വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ശിലാഫലകങ്ങൾ,താളിയോലകൾ, തകിടുകൾ, മുതലായവയും പഴയ ചില മനകളിലെ വിവിധതരം ചെമ്പ് പാത്രങ്ങളും, വെങ്കലപ്രതിമകളും, മറ്റും ചരിത്രത്തിന്റെ ശേഷിപ്പുകളായി ഇന്നും നിലനിൽക്കുന്നുണ്ട്.

തിരുവിതാംകൂർ രാജഭരണത്തിന്റെ അവശേഷിപ്പുകളും പൂവച്ചലിന്റെ കാർഷിക കച്ചവട സംസ്കാരത്തിന്റെ ശേഷിപ്പുകളുമായ ചുമടുതാങ്ങി സംരക്ഷിക്കപ്പെടുന്ന ചരിത്രസ്മാരകമാണ്. വീരണകാവ് ജംഗ്ഷന് സമീപം പഴയകാല കച്ചവട പാതക്ക് അരികിലായാണ് ചുമടുതാങ്ങിയുടെ

സ്ഥാനം. ചരിത്രത്തോട് പ്രതിപത്തിയുള്ള ഒരു യുവജനതയുടെ ഇടപെടൽ ഈ ചരിത്ര സ്മാരകത്തിനെ സംരക്ഷണമായി നിലകൊള്ളുന്നു.

പൂവച്ചലിലെ നാട്ടുകാണിയിൽ ശിലായുഗത്തിന്റെ അവശേഷിപ്പുകളും മഹാശിലായുഗ സംസ്കാരത്തിലെ നന്നങ്ങാടികളും കണ്ടെത്തിയെങ്കിലും തുടർ പഠനങ്ങൾ നടന്നിട്ടില്ല.

## സമകാലീന ചരിത്രം

ഒരു കാലത്ത് കാർഷിക സംസ്കാര കേന്ദ്രമായിരുന്ന പൂവച്ചൽ ഇന്ന് മൺമറഞ്ഞുപോയ നെൽവയലുകളുടെ ശേഷിപ്പ് പേറുന്ന ഒരു പ്രദേശമായി നിലകൊള്ളുന്നു. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന ഒരു ജനത മറ്റ് ഉപജീവനമാർഗങ്ങൾ തേടിയതോടെ അവരുടെ ജീവിതവും സംസ്കാരവും അതിന്റേതായ മാറ്റങ്ങൾക്ക് വിധേയമായി.

ഇന്ന് പൂവച്ചൽ ജനത നാഗരിക സംസ്കാരത്തിന്റെ സ്വാധീനവും കാർഷിക സംസ്കാരത്തിന്റെ പൈതൃകവും ഉൾക്കൊള്ളുന്ന രീതിയിൽ ആണ് ജീവിക്കുന്നത്. പുതിയ തലമുറ വസ്ത്രധാരണത്തിലും, ഭക്ഷണരീതിയിലും, ആചാരാനുഷ്ഠാനങ്ങളിലും, നാഗരിക ജീവിതത്തെ അനുകരിക്കാൻ ശ്രമിക്കുമ്പോൾ പ്രായമായവർ ഗ്രാമീണ ഭക്ഷണരീതികളും വസ്ത്രധാരണ രീതികളും പിന്തുടരാൻ ശ്രമിക്കുന്നു. മധ്യവയസ്സിൽ ഉള്ളവർ ഈ രണ്ടു രീതികളും ഇടകലർന്ന ഒരു സംസ്കാരം

ചുരിദാർ, സാരി, യുവതികളും കുട്ടികളും ഇതോടൊപ്പം ഫ്രോക്ക്, മിഡി, ലഹങ്ക, ജീൻസ് മുതലായവയും ഉപയോഗിക്കുന്നു.

സമകാലിക പൂവച്ചലിൽ ആഹാരരീതിയിലും വ്യത്യാസം കാണുന്നുണ്ട്. കഞ്ഞി, പുഴുക്ക്, ചോറ്, കറികൾ, മുതലായവയെക്കാളും പുതിയ തലമുറ ഇഷ്ടപ്പെടുന്നത് ന്യൂഡിൽസ്, ബിരിയാണി, ചിക്കൻ, മുതലായ ഫാസ്റ്റ് ഫുഡ് ഇനങ്ങളാണ്. പപ്പായ, പേരയ്ക്ക, ചക്ക, മാങ്ങ, മുതലായവയെക്കാളും റംബൂട്ടാൻ പോലുള്ള പുതിയ തരം

പഴവർഗ്ഗങ്ങളോടാണ് ഇന്നത്തെ തലമുറയ്ക്ക് പ്രതിപത്തി.

ഇന്നത്തെ ജനത ഗതാഗതത്തിന് പൊതുവാഹനങ്ങളേക്കാളുപരി സ്വകാര്യ വാഹനങ്ങൾക്ക് പ്രാധാന്യം നൽകുന്നു. സ്വന്തമായി ഒരു വാഹനം എങ്കിലും ഇല്ലാത്ത വീടുകൾ അപൂർവമാണ്.

സമകാലിക വിദ്യാഭ്യാസ രീതികളിലും വൻതോതിൽ മാറ്റം സംഭവിച്ചിരിക്കുന്നു. സർക്കാർ മേഖലകളിലും സ്വകാര്യ മേഖലകളിലും ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇന്ന് ഓൺലൈൻ വിദ്യാഭ്യാസത്തിൽ വലിയ

പിന്തുടരുന്നു. മറ്റേതൊരു കേരളീയ ഗ്രാമത്തെയും പോലെ പൂവച്ചലിലെയും ജനങ്ങൾ വസ്ത്രധാരണ രീതിയിൽ വ്യത്യസ്തത പുലർത്തുന്നു. ഇന്ന് പ്രധാനമായും ഉപയോഗിക്കുന്ന വസ്ത്രങ്ങൾ പുരുഷന്മാർക്ക് പാന്റ്സും ഷർട്ടും, യുവാക്കന്മാർ ഇതോടൊപ്പം ബനിയനും ഷോർട്സും സ്ത്രീകൾക്ക്

മുന്നേറ്റമാണ് പൂവച്ചലിൽ കാണുന്നത്. പൊതുമേഖലാ സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ കുട്ടികൾക്ക് സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ ഉറപ്പാക്കുകയും കോവിഡ് കാല വെല്ലുവിളികൾ ക്കിടയിലും കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുന്നതിൽ പൂവച്ചലിന്റെ സ്ഥാനം മുന്നിലാണ്.

## കൃഷി

പൂവച്ചലിന്റെ ഭൂരിഭാഗ പ്രദേശങ്ങളും കാർഷിക മേഖലകൾ ആയിരുന്നു. ഇവിടെയുള്ള ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ആയിരുന്നു. പൂവച്ചൽ ഇന്ത്യയെ താഴ്ന്ന പ്രദേശങ്ങൾ നെൽ കൃഷിക്കും മറ്റ് പ്രദേശങ്ങൾ വാഴ, ചേന, ചേമ്പ്, പച്ചക്കറികൾ, മുതലായവയുടെ കൃഷിക്കും പ്രശസ്തമായിരുന്നു. എന്നാൽ കേരളത്തിന്റെ മാറിയ കാർഷിക സംസ്കൃതി പൂവച്ചലിലും പ്രകടമാണ്. ഇന്ന് പൂവച്ചലിന്റെ ഭൂരിഭാഗ പ്രദേശങ്ങളും റബ്ബർ തോട്ടങ്ങളും, നിർമ്മാണ മേഖലകളുമായി മാറിയിരിക്കുന്നു.



കവിത

## മഴവില്ല്




മ
ഴ
വി
ല്ല്

ഏഴു നിറങ്ങളാൽ സമ്പന്നമായതാണ്
കാർമേഘത്തിൽ ഒളിച്ചു നിൽക്കും
പച്ച,മഞ്ഞ എന്നിങ്ങനെ
പലനിറത്തിൽ സമ്പന്നമാണ്
എന്റെ മഴവില്ല്.

വെള്ളത്തുള്ളിയിൽ സൂര്യകിരണങ്ങൾ
സ്പർശിക്കുമ്പോൾ
നീലാകാശത്തിൽ തെളിയും മഴവില്ല്
എന്റെ മഴവില്ല്.

ആകാശത്തിന് സൗന്ദര്യം നൽകും
കണ്ണ് ചിമ്മി മറഞ്ഞു പോകും
കണ്ണിനു അത്ഭുതം നൽകും
എന്റെ മഴവില്ല്.

കണ്ണാടിയിൽ സൂര്യന്റെ കിരണത്താൽ
തെളിയും
ആദ്യമായി നിറം കാണുന്നതും മഴവിൽ
നിന്നാണ്
എന്തുകൊണ്ടും ഭംഗിയുള്ളതാണ്

ലേഖനം



അഖിൽ എസ് ബി ക്ലാസ് 10 B

# ചിന്താരത്നങ്ങൾ

നാം നമ്മുടെ ശ്വാസോച്ഛ്വാസ പ്രക്രിയ ശ്രദ്ധിക്കുക അറിയുക, അനുഭവിക്കുക ഏതു സാഹചര്യത്തിലും സന്ദർഭോചിതമായി പ്രവർത്തിക്കാൻ തയ്യാറാകണ ം.എല്ലാം ദൈവത്തിലാശ്രയിച്ചാണ് എന്നതു പോലെ പ്രാർത്ഥിക്കുകയും എന്നാൽ നമ്മിൽ ആശ്രയി ച്ചാണ് എല്ലാം എന്നതു പോലെ പ്രവത്തിക്കുകയും വേണം.അഹങ്കാരം എന്ന മിഥ്യാബോധം ഉപേക്ഷിക്കുക.നാം എന്ത് ചിന്തിക്കുന്നുവോ അത് നാമായി തീരുന്നു. അതിനാൽ മിഥ്യാബോധ ത്തെ ഉപേക്ഷിച്ച് ശുദ്ധ ബോധത്തെ മാത്രം നിലനിർത്തി വർത്തമാന കാലത്തെ കരുത്തുറ്റ കർമ്മജ്യോതിസ്സ് കൊണ്ട് ജ്വലിപ്പിക്കാൻ കഴിയണം. അത് ശരിയായ ജീവിത വിജയം കൊണ്ടുവരുന്നു.നേരിന്റെ വഴിയിലൂടെ നാ0 ഇഷ്ടപ്പെടുന്നത് ചെയ്യുകയും ചെയ്യുന്നത് ഇഷ്ടപ്പെടുകയുമാണ് വേണ്ട്. പക്ഷേ അതിനിട യിലും വിമർശനങ്ങൾ വന്നേക്കാം. എങ്കിൽ ധീരമായി യുക്തി പൂർവ്വ ം നേരിടുക.നമ്മെക്കുറിച്ച് ദുരാരോപണങ്ങൾ പറഞ്ഞു നടക്കുന്നവരെ അഭിനന്ദിക്കണം. കാരണം നമ്മുടെ വ്യക്തത്വം പരോക്ഷമായി മെച്ചപ്പെടുക്കുന്നത് അവരാണ്.നമുക്കു നേരെ വാക്കു കൊണ്ടുംപ്രവൃത്തി കൊണ്ടും ചാട്ടവാറ് വീശുന്നവരെ അഭിനന്ദിക്കണം. കാരണം നമ്മിൽ പോരാടാനുള്ള വീര്യം നിറയ്ക്കുന്നത് അവരാണ്.നമ്മെ ഉപേക്ഷിക്കുന്നവർക്ക് മനസ്സ് നന്ദി പറയുക എന്തെന്നാൽ വിശാലമായ സ്വാതന്ത്ര്യത്തെക്കുറിച്ച് നമുക്ക് ബോധ്യപ്പെടുത്തിത്തരുന്നത് അവരാണ്. ഭൂമിയോളം താഴുന്ന വർക്കു മാത്രമേ ആ കാശത്തോളം ഉയരുവാനും സാധിക്കുകയുള്ളൂ എന്നാണ് ഒരു പ്രഞ്ച സത്യമാണ്.

# അച്ഛൻ

കവിത

## അച്ഛൻ

**ജീവിത -**
**കനൽ വീഥികളിലെ**
**നോവോർമ്മകളിലെന്നും**
**സ്വാന്തനമായെന്നെ**
**തഴുകിത്തലോടിയ**
**സ്നേഹ സ്വരൂപത്തെ**
**വിധിയെന്നിൽ നിന്നും**
**തട്ടിപ്പറിച്ചെടുത്തപ്പോൾ**
**ഞാൻ തോറ്റുപോയെന്നു**
**കരുതരുതേ...**
**ആ ചോരയെന്നിലൂടൊഴുക്കും**
**കാലം വരെയീ**
**പൊന്നുമകൾക്കൊപ്പം**
**അച്ഛൻ ജീവിക്കും....**



സാനിയ എസ് ആർ
പത്ത് ബി

സാനിയ എസ് ആർ
ക്ലാസ് 10 B

**കഥ**

# ധീരത

സ്വാമി വിവേകാനന്ദൻ ചെറുപ്പത്തിൽ തന്നെ വളരെ ധൈര്യശാലിയായിരുന്നു .അദ്ദേഹത്തിന് ഒന്നിനെയും പേടിയില്ലായിരുന്നു .അദ്ദേഹത്തിന്റെ ധീരതയെ ആസ്പദമാക്കി കൊണ്ടുള്ള ഒരു ചെറിയ കഥയാണ് ഞാൻ തയ്യാറാക്കുന്നത് .സ്വാമി വിവേകാനന്ദന്റെ ബാല്യത്തിലെ പേര് നരേന്ദ്രൻ എന്നായിരുന്നു. നരേന്ദ്രൻ പൂരപ്പറമ്പിൽ പോയി. അവിടെമാകെ വലിയ ജനക്കൂട്ടം ആയിരുന്നു.നിറയെ കൊച്ചു കടകൾ കടകളിൽ നിറയെ വളകളും മാലകളും ഉണ്ടായിരുന്നു.... മറ്റു ചില കടകളിൽ മൺ ശില്പങ്ങൾ കളിമൺ കൊണ്ടുണ്ടാക്കിയ കളിപ്പാട്ടങ്ങൾ എന്നിവ കാണാം.

കുറച്ചു കുട്ടികൾ ഓടിക്കളിച്ചും കടകൾ കയറി കളിപ്പാട്ടങ്ങൾ വാങ്ങിയുകയുമൊക്കെ ചെയ്യുന്നു.നരേന്ദ്രന്റെ കൈയിൽ കുറച്ച് പണം ഉണ്ടായിരുന്നു.അവൻ അതും കൊണ്ട് ഓരോ കടകൾ തോറും കേറി ഇറങ്ങുന്നു. അവസാനം അവൻ ഒരു കടയിൽ ശ്രീബുദ്ധന്റെ ഒരു മൺ ശില്പം കണ്ടു.. അവൻ അതു വാങ്ങിച്ചു ബാക്കിവന്ന പണം അവിടെ ഭിക്ഷ യാചിച്ചുകൊണ്ടിരുന്നവർക്ക് കൊടുത്തു! അപ്പോൾ ദൂരെ നിന്ന് ഒരാൾ വിളിച്ചുകൊണ്ടു ഓടി വരുന്നതായി അവൻ ശ്രദ്ധിച്ചു.അയാൾ എന്തു പറയുന്നുണ്ടായിരുന്നു അത് നരേന്ദ്രന് വ്യക്തമായിരുന്നില്ല .അതിനുശേഷം ഒരു ആൾക്കൂട്ടം തന്നെ ഓടിവരുന്നത് കണ്ടു. അവർ അലറി വിളിച്ചു കൊണ്ട് പറയുകയാണ് അതാ ഒരു കാള ചീറിപ്പാഞ്ഞു കൊണ്ട് വരുന്നേ....എല്ലാവരും ഓടിക്കോ.... ഓടിക്കോ.... ഇത് കേൾക്കേണ്ട താമസം എല്ലാവരും നാലു ദിക്കിലേക്ക് ഓടി. അപ്പോൾ അതിനിടയിൽ ഒരു കുട്ടി തന്റെ മാതാപിതാക്കളെ കാണാതെ ഒറ്റപ്പെട്ടു നിൽക്കുകയാണ് അവനെ നരേന്ദ്രൻ കണ്ടു. ഈ പിഞ്ചുകുഞ്ഞിന്റെ നേരെ കാള വരുന്നത് എല്ലാവരും ശ്രദ്ധിച്ചു. അതുകൊണ്ട് ആളുകൾ ഉറക്കെ പറഞ്ഞു മാറി നിൽക്കു മാറിനിൽക്കൂ എന്ന് വിളിച്ചു പറഞ്ഞു... എന്നാൽ അവന് അത് മനസ്സിലായില്ല.. കാരണം അവൻ ഒരു ചെറിയ കുട്ടിയായിരുന്നു. അതിനാൽ അവൻ വരുന്ന കാളയെ നോക്കി ചിരിച്ചുകൊണ്ടിരുന്നു അപ്പോൾ നരേന്ദ്രൻ പെട്ടെന്ന്



ഹരിചന്ദന എം
ക്ലാസ് 7

അവന്റെ അടുത്തേക്ക് നടന്നു... ആ സമയം കാള ആ  കുട്ടിയുടെ അടുത്തെത്തിയിരുന്നു.....കണ്ണ് തുറന്നില്ല.. അത്രയും വേഗത്തിൽ നരേന്ദ്രൻ ആ കുട്ടിയെ എടുത്തു കൊണ്ട് ഒരു വശത്തേക്ക് ചാടി! എല്ലാവർക്കും വലിയ അത്ഭുതമായി!! ആ ഒരു ചെറിയ ബാലൻ !!!അവർക്ക് അത് വളരെ അത്ഭുതകരമായി തോന്നി.ആ സമയം ആ കാള തന്റെ ലക്ഷ്യം തെറ്റി ഒരു തെങ്ങിൽ ചെന്നിടിച്ചു.... അങ്ങനെ അവന്റെ ബോധവും നഷ്ടപ്പെട്ടു.... എങ്ങനെയാണ് നരേന്ദ്രന് ആ കുട്ടിയെ രക്ഷിക്കണമെന്ന ചിന്ത ഉണ്ടായത്? കാരണം അവൻ ആ കുട്ടിയെയാണ് ശ്രദ്ധിച്ചു കൊണ്ടിരുന്നത് -അവനാ കാളയെ ശ്രദ്ധിച്ചിരുന്നില്ല! അതിനാൽ അവന് എങ്ങനെയെങ്കിലും കുട്ടിയെ രക്ഷിക്കണം എന്ന ചിന്തയുണ്ടായി.പക്ഷേ ബാക്കിയുള്ളവരോ കാളയെയാണ് ശ്രദ്ധിച്ചത്... അതിനാൽ അവർക്ക് കുട്ടിയെ രക്ഷിക്കുന്നതിൽ ഒരു ഭയം തോന്നി. അങ്ങനെ നരേന്ദ്രൻ ആ പിഞ്ചുകുഞ്ഞിന്റെ ജീവൻ സധൈര്യം രക്ഷിച്ചു. ഇതാണ് സ്വാമി  വിവേകാനന്ദന്റെ ധീരത!

# നല്ല ചങ്ങാതിമാർ

## നല്ല ചങ്ങാതിമാർ

ഒരു കാട്ടിൽ മാനും ആമയും മരം കൊത്തിയും ഉണ്ടായിരുന്നു. അവർ നല്ല കൂട്ടുകാരായിരുന്നു. അവർ ഒന്നിച്ചേ കളിക്കൂ , ആഹാരം കഴിക്കുന്നതും ഒന്നിച്ചാണ്. അങ്ങനെ ഒരു ദിവസം അവർ കളിച്ചു നടന്നു വരിയായിരുന്നു.അപ്പോൾ അവിടെ ഒരു വേട്ടക്കാരൻ നിൽക്കുന്നത് കണ്ടു. അവന്റെ കയ്യിൽ വല ഉണ്ടായിരുന്നു ആ വലയിട്ട് ആ മാനിനെ പിടിക്കാൻ ഓടി. പാവം മാൻ ആ വലയിൽ കുടുങ്ങി . മാൻ പേടിച്ചു പോയി . അതു കണ്ട മരം കൊത്തിയും ആമയും ഒരു സൂത്രം കാണിച്ചു. മരം കൊത്തി ആ വേട്ടക്കരന്റെ തലയിൽ കൊത്തി കൊണ്ടേയിരുന്നു ആ സമയത്ത് ആമ ആ വലയെ കടിച്ചു പൊട്ടിച്ചു. അങ്ങനെ ആ മാൻ രക്ഷപെട്ടു. അവർ പതിവുപോലെ കളിച്ചു നടന്നു.


ശിവാനി
ക്ലാസ് 2

# ടോട്ടോ-ചാൻ



**മഞ്ചിമ**
ക്ലാസ് 10 A

ജാപ്പനീസ് ഭാഷയിൽ പ്രശസ്തി നേടിയ ഒരു പുസ്തകം ആണ് 1982 ൽ പുറത്തിറങ്ങിയ ടോട്ടോ _ചാൻ. ലോകമെങ്ങും ഉള്ള എല്ലാ പ്രധാന ഭാഷകളിലേക്കും ഈ പുസ്തകം തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. കോടികണക്കിന് പ്രതികൾ വിറ്റഴിക്കപ്പെട്ട ഇതിന്റെ പ്രചാരത്തെ കുറിച്ച് 'ടോട്ടോചാൻ ഒരു ബെസ്റ്റ് സെല്ലറിന്റെ കഥ 'തുടങ്ങിയ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. റ്റൊമോ എന്ന അനാദൃശ്യസ്കൂളിനെക്കുറിച്ചുള്ള ഈ പുസ്തകം, കുട്ടികളെ സ്നേഹിക്കുന്ന എല്ലാവരാലും വായിക്കപ്പെടുന്നു.

" ടോട്ടോ ഈ സ്കൂളിലെ കുട്ടി ആണ് "...

മാസ്റ്ററുടെ ഈ വാക്കുകൾ കേട്ട നിമിഷം മുതൽ എങ്ങനെയെങ്കിലും അടുത്ത പ്രഭാതം ഇങ്ങെത്തിയാൽ മതിയെന്നായി ടോട്ടചാൻ. ഒരു പകലിനുവേണ്ടി ഇത്രയേറെ ആഗ്രഹത്തോടെ അവൾ ഇന്നേവരെ കാത്തിരുന്നിട്ടില്ല. കാരണം അതായിരുന്നു ടോട്ടോച്ചാൻ എന്ന വികൃതി പെൺകുട്ടിയുടെ ഹൃദയം കവർന്ന റ്റൊമോ വിദ്യാലയം. ടോട്ടോച്ചാനെ കാണുമ്പോഴെല്ലാം "ദാ നോക്ക് ", നേരായിട്ടും നീയൊരു നല്ല കുട്ട്യാ "എന്ന് ഓർമിപ്പിച്ച, സ്നേഹനിധിയും ആയ ഹെഡ്മാസ്റ്റർ കോബായഷി കഥയിലെ പ്രധാന കഥാപത്രം ആണ്.

തെത്സുകൊ കുറോയാനാഗിയായി വളർന്ന പഴയ ടോട്ടോ ചാൻ അവളുടെ സ്കൂളിനെ കുറിച്ചും കോബായഷി മാസ്റ്ററെക്കുറിച്ചും കുമ്പാരകണക്കിന് വിശേഷങ്ങളാണ് നമ്മോട് പറയുന്നത്. കുട്ടികളുമായി ഇടപഴകിയ ഓരോരുത്തർക്കും നൽകാൻ -അവർ അധ്യാപരോ രക്ഷകർത്തക്കളോ മുത്തശ്ശിമുത്തച്ഛന്മാരോ എന്നല്ല കുട്ടികൾ തന്നെയോ ആയികൊള്ളട്ടെ ഒരുപാടൊരുപാടുണ്ട്, ശ്രദ്ധേയനായ കവി അൻവർ അലി ആണ് ഈ പുസ്തകം മലയാളത്തിലേക്കാക്കിയിരുന്നത്.1992ൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ആണ് ഈ പുസ്തകത്തിന്റെ ആദ്യ മലയാള പരിഭാഷ പുറത്തിറക്കിയത്.

എന്റെ മനസിനെ വളരെ അധികം സ്വാധീനിച്ച പുസ്തകം ആണ് ടോട്ടോ ചാൻ. വായനക്കാരുടെ മനസിനെ വേറെ ഒരു ലോകത്തേക്ക് ഈ പുസ്തകം എത്തിക്കുന്നു

# ദൈവത്തിന്റെ കൈകൾ

## കഥ

# ദൈവത്തിന്റെ കൈകൾ

-----------------------

ഒരിടത്ത് രാമു എന്നൊരു കർഷകൻ താമസിച്ചിരുന്നു. അദ്ദേഹം തന്റെ ഭാര്യയും രണ്ട് മക്കളുമായി സന്തോഷപൂർവ്വമായ ജീവിതം നയിച്ചിരുന്നു. അദ്ദേഹത്തിന്റെ മൂന്നാമത്തെ മകന്റെ പേര് ഉണ്ണിയെന്നും ഇളയ മകന്റെ പേര് അപ്പു എന്നുമായിരുന്നു. ഉണ്ണി ആകട്ടെ പഠിക്കാൻ ബുദ്ധിമാനും ക്ലാസ്സിൽ ഒന്നാമനും ആയിരുന്നു. അപ്പു ആകട്ടെ മടിയനും അലസനും ഒക്കെയായിരുന്നു. അതുകൊണ്ടുതന്നെ തന്റെ മക്കളിൽ കൂടുതൽ ഇഷ്ടം രാമുവിന് ഉണ്ണിയോട് ആണ് . അതുകൊണ്ടുതന്നെ ചെറിയ തെറ്റുകൾക്ക് പോലും രാമു അപ്പുവിനെ എപ്പോഴും ശകാരിക്കുമായിരുന്നു. അങ്ങനെ വർഷങ്ങൾ



കടന്നുപോയി മൂത്തമകനായ ഉണ്ണി ഇപ്പോൾ ഒരു എൻജിനീയറാണ്. എന്നാൽ അപ്പു ആകട്ടെ കഷ്ടിച്ച് ഡിഗ്രി ജയിച്ച് കൂട്ടുകാരോടൊപ്പം കറങ്ങി നടക്കലാണ് അവന്റെ

പണി. അതിനാൽ വീട്ടുചിലവുകൾ മുഴുവൻ നോക്കുന്നത് ഉണ്ണിയാണ്. അങ്ങനെ നാളുകൾ കടന്നുപോയി ഉണ്ണി പട്ടണത്തിൽ ഒരു വീട് വച്ചു. അധികം വൈകാതെ തന്നെ ഉണ്ണി തന്റെ അച്ഛനെയും അമ്മയെയും അനുജനെയും കൂട്ടി പുതിയവീട്ടിൽ താമസം ആരംഭിച്ചു. അച്ഛനും അമ്മയ്ക്കും വളരെയധികം സന്തോഷം ഉണ്ടായി. അങ്ങനെ അവരുടെ എല്ലാവരുടെയും ജീവിതം



ആനന്ദ് എസ് ജെ
ക്ലാസ് 8 C

സന്തോഷപൂർവ്വം ആയിരുന്നു.അങ്ങനെ ദിവസങ്ങൾ കടന്നുപോയി ഉണ്ണിയുടെ വിവാഹം നിശ്ചയിച്ചു വധുവാകട്ടെ കോടീശ്വരി.അങ്ങനെ ദിവസങ്ങൾക്കകം വിവാഹം കഴിഞ്ഞു. എന്നാൽ ഉണ്ണിയുടെ ഭാര്യയ്ക്ക് അച്ഛനെയും അമ്മയും അനിയനെയും ഒട്ടും ഇഷ്ടമല്ലായിരുന്നു. അവർ വീട്ടിൽ താമസിക്കുന്നത് പോലും അവൾക്ക് ഇഷ്ടമല്ലായിരുന്നു.അവരെ വീട്ടിൽനിന്ന് ഇറക്കിവിടാനായി നിരന്തരം ഉണ്ണിയോട് പറയുമായിരുന്നു. ഒടുവിൽ ഉണ്ണിയുടെ മനസ്സും മാറി. അവൻ അവരെ ഒഴിവാക്കാനായി പല തന്ത്രങ്ങളും പ്രയോഗിച്ചു. അതിലൊക്കെ

പരാജയപ്പെട്ട ഉണ്ണി നേരിട്ട് അച്ഛനോടും അമ്മയോടും അനുജനോടും കാര്യം അവതരിപ്പിച്ചു. അതെന്താണെന്നല്ലേ " എനിക്ക് എല്ലാവരുടെയും ചിലവ് നോക്കാൻ കഴിയില്ല എനിക്കും കുടുംബമായി". അതിനാൽ നിങ്ങൾ ഇവിടുന്ന് മാറണം. ഇത് കേട്ടതും രാമുവും ഭാര്യയും പൊട്ടിക്കരഞ്ഞു പോയി.എന്നാൽ അപ്പുവിന്റെ മനസ്സിൽ ഇത് വാശി ഉണ്ടാക്കി. അവൻ ഒരു അക്ഷരം മിണ്ടാതെ തന്റെ അച്ഛനെയും അമ്മയും കൂട്ടി ആ വീടിന്റെ പടിയിറങ്ങി. എന്നിട്ട് അവർ പോയത് തന്റെ നാട്ടിലുള്ള പഴയ വീട്ടിലേക്കാണ്. അവിടെ നിന്ന് തങ്ങളെ ആരും പറഞ്ഞുവിടില്ലെന്ന് അപ്പുവിന് ഉറപ്പുണ്ട്. എന്നാൽ വൃദ്ധനായ രാമുവിന് ഒരു ജോലിക്കും പോകാനാകാത്ത അവസ്ഥയായിരുന്നു. തന്റെ കുടുംബത്തിന്റെ ദാരിദ്ര്യം മാറ്റാനായി അപ്പു വിവിധ ജോലിക്ക് ശ്രമിച്ചു. തന്റെ വിദ്യാഭ്യാസത്തിന് യോജിച്ച ജോലിക്കാണ് അവൻ ശ്രമിച്ചത്. എന്നാൽ അതൊന്നും കിട്ടിയില്ല. ഒടുവിൽ അവൻ കൂലിപ്പണിക്ക് ഇറങ്ങി. അതിൽ കിട്ടുന്ന കാശുകൊണ്ട് അവൻ കുടുംബം പുലർത്തി. മാത്രമല്ല ജോലി കഴിഞ്ഞ് വന്നശേഷം അത്താഴത്തിനു ശേഷം അവൻ ഉറക്കമൊഴിഞ്ഞ് പഠിക്കുകയും ചെയ്തു. അവന്റെ ലക്ഷ്യം ഇപ്പോ ഒരു ഗവൺമെന്റ് ജോലിയാണ്. അതിനുവേണ്ടി അവൻ കിട്ടുന്ന സമയം അത്രയും പ്രയത്നിച്ചു. ഒടുവിൽ അവൻ ലക്ഷ്യസ്ഥാനത്ത് എത്തി. അവൻ തന്റെ ചേട്ടനെ ക്കാളും ഉയർന്ന അവൻ ഇപ്പോൾ ഒരു കളക്ടറാണ്. തന്റെ മകന്റെ ഉയർച്ചയിൽ ആ പിതാവ് അഭിമാനിച്ചു. തന്റെ മനസ്സിലെ അടക്കാനാകാത്ത സന്തോഷം കാരണം രാമു മകനെ കെട്ടിപ്പിടിച്ചു. എന്നിട്ട് പറഞ്ഞു ഞാൻ നിന്നോട് ചെയ്ത എല്ലാ തെറ്റിനും മാപ്പ്. അപ്പു ഉടൻ തന്നെ ചോദിച്ചു എന്ത് തെറ്റ്, അപ്പോൾ രാമു പറഞ്ഞു ഞാൻ കുഞ്ഞുനാളിൽ ഇല്ലാത്ത തെറ്റിനും നിന്നെ ശകാരിക്കുമായിരുന്നു. ഇത് കേട്ടതും അപ്പു പറഞ്ഞു ഞാൻ ഈ നിലയിൽ ആയതിന് ആ ശകാരത്തിനും വലിയൊരു പങ്കുണ്ട് അച്ഛാ... ഇത് കേട്ടതും രാമുവിന്റെ കണ്ണ് നിറഞ്ഞു പോയി. അപ്പുവിന് ജോലിക്ക് പോസ്റ്റ് ലഭിച്ചത് പട്ടണത്തിലാണ്. അങ്ങനെ അപ്പു തന്റെ അമ്മയെയും അച്ഛനെയും കൂട്ടി പട്ടണത്തിൽ ഒരു ഫ്ലാറ്റിൽ താമസം ആരംഭിച്ചു. തികച്ചും സന്തോഷപൂർണ്ണമായ ജീവിതം. ഈ വിവരം ഉണ്ണിയും ഭാര്യയും അറിഞ്ഞു അപ്പുവിന്റെ ഈ വളർച്ചയിൽ അവർ ഞെട്ടി. ഉടൻതന്നെ അപ്പുവിനെ കാണാനായി അവർ ഫ്ലാറ്റിൽ എത്തി. എന്നാൽ അപ്പു ആകട്ടെ തന്റെ അച്ഛനെയും അമ്മയെയും പോലും സഹോദരനായ ഉണ്ണിയുടെ മുന്നിലെത്തിക്കാതെ പറഞ്ഞു ഞാനിപ്പോൾ തിരക്കിലാണ് എനിക്കിപ്പോൾ സംസാരിക്കാൻ പോലും സമയമില്ല. എന്നോട് വല്ലതും പറയാനുണ്ടെങ്കിൽ ഒരു പേപ്പറിൽ എഴുതി അവിടെ വച്ചിട്ട് പോയയോളൂ. എന്നു പറഞ്ഞ് അപ്പു അകത്തേക്ക് പോയി. തങ്ങൾ ചെയ്തുകൂട്ടിയ തെറ്റുകൾ മനസ്സിലാക്കി ഉണ്ണിയും ഭാര്യയും തിരികെ മടങ്ങി.

## മഴ



# കമ്പ്യൂട്ടർ വികസിപ്പിച്ചത് എങ്ങനെ?

ലേഖനം

## കമ്പ്യൂട്ടർ വികസിപ്പിച്ചത് എങ്ങനെ?







സങ്കീർണമായ ഗണിതശാസ്ത്ര ക്രിയകൾ പോലും നിമിഷങ്ങൾക്കകം നിർദ്ധാരണം ചെയ്യാൻ കഴിവുള്ള ഒരു ഇലക്ട്രോണിക് യന്ത്രമാണ് കമ്പ്യൂട്ടർ . ഇതൊരു ഇലക്ട്രോണിക് മസ്തിഷ്കം ആണെന്ന് വേണമെങ്കിൽ പറയാം. നമ്മുടെ മസ്തിഷ്കത്തിൻ്റെ പോലെ പല പ്രശ്നങ്ങൾക്കും പരിഹാരം നിർദ്ദേശിക്കാൻ കമ്പ്യൂട്ടറുകൾക്ക് കഴിയും. ചെസ്സ് കളിയിൽ കമ്പ്യൂട്ടർ വിദഗ്ദനാണെന്ന് പറയാം. ധാരാളം വിവരങ്ങൾ ശേഖരിച്ച് സൂക്ഷിച്ചു വെയ്ക്കാനുള്ള ഓർമ ശക്തി ടൈപ്പ് ചെയ്തു ആവശ്യമുള്ളപ്പോൾ വേണ്ട വിവരങ്ങൾ അറിയാം.ഒരു പ്രത്യേക പ്രശ്നം നിർദ്ധാരണം ചെയ്യാൻ ആദ്യമേ തന്നെ കമ്പ്യൂട്ടറിനെ പ്രോഗ്രാം ചെയ്യണം.


1944 ൽ അമേരിക്കയിലെ ഹാർവാർഡ് യൂണിവേഴ്സിറ്റിയിലാണ് ആദ്യത്തെ കമ്പ്യൂട്ടറിന്റെ ജനനം. പ്രൊഫസർ ഹോവാർഡ് ഐക്കനും

അദ്ദേഹത്തിന്റെ കീഴിലുള്ള ഒരു സംഘം ശാസ്ത്രജ്ഞരും ആണ് ഈ കമ്പ്യൂട്ടറിന്റെ ഉപജ്ഞാതാക്കൾ. . ഈ കമ്പ്യൂട്ടർ ഹാർവാർഡ് ഐ. ബി. എം എന്ന് നാമകരണം ചെയ്യപ്പെട്ടു പിന്നീട് വിവിധ തരത്തിലുള്ള കമ്പ്യൂട്ടറുകൾ നിർമ്മിക്കപ്പെട്ടിരിക്കുന്നു.ഭൂമിയിൽ നിന്നും വിമാനങ്ങളുടെയും ബാഹ്യാകാശ നൗകകളുടെയും റോക്കറ്റുകളുടെയും മിസൈലുകളുടെയും ഗതി നിയന്ത്രിക്കാൻ കഴിവുള്ള കമ്പ്യൂട്ടറുകൾ ഇന്ന് ഉണ്ട്. അവയുടെ ദിശയിലും വേഗത്തിലും മാറ്റം വരുത്താൻ കമ്പ്യൂട്ടർ ഇന്നു കഴിയും. കമ്പ്യൂട്ടർ മനുഷ്യ മസ്തിഷ്കത്തിന്റെ സൃഷ്ടിയാണ് . അതുകൊണ്ട് ആണ് ആധുനിക യുഗത്തിൽ കമ്പ്യൂട്ടറിന്റെ ഉപയോഗം കൂടുതൽ ആയി കാണാൻ കഴിയുന്നത് . ആധുനിക ശാസ്ത്രത്തിൽ സമൂല പരിവർത്തനങ്ങൾ വരുത്തിയിരിക്കുന്നത് കമ്പ്യൂട്ടറുകൾ ആണ്.

# കാറ്റ് പറഞ്ഞ കഥ



# പൂച്ചമ്മ




പൂച്ചമ്മ

പാത്തു പതുങ്ങി
വരുന്നുണ്ടേ
എന്നുടെ സ്വന്തം പൂച്ചമ്മ
കട്ടു തിന്നും പൂച്ചമ്മ
ഓടി ഒളിക്കും പൂച്ചമ്മ
സുന്ദരിയായൊരു പൂച്ചമ്മ
വെള്ള വെളുത്ത പൂച്ചമ്മ
എന്റെ സ്വന്തം പൂച്ചമ്മ

# പുഴ

പുഴ




കള കള നാദത്തിൽ
ഒഴുകി ഞാൻ ഇതുവഴി
കാടുകൾ മേടുകൾ എല്ലാം കടന്നൊരു
രാഗമായി താളമായി സഞ്ചരിച്ച
കത്തുന്ന വേനലിൽ
സൂര്യനെ ചുംബിച്ച
യാത്ര തുടർന്നു
നെഞ്ചിൻ തുടിതാളമായികടൽ
ആകാശമായി മുട്ടിയുരുമ്മുന്ന
അനന്ത സാഗരമല്ലോ നീ
വെൺനുര പോലെ കരയെ തലോടിടും
നീല സാഗരമല്ലോ നീ
കടലിനെ മുട്ടിയുരുമ്മിയ പാദങ്ങളിൽ
ഉപ്പു രസമല്ലോ തഴുകിടുന്നു



പാർവ്വതി
ക്ലാസ് 10 A




കഥ

# സുഹൃത്ബന്ധം

പണ്ട് പണ്ടൊരു കാട്ടിൽ ഒരു വലിയ പുഴ ഉണ്ടായിരുന്നു. ഈ പുഴയിലായിരുന്നു ഒരു ആമ താമസിച്ചിരുന്നത്. ഈ ആമ പുഴയിലും തീരത്തുമായി കളിച്ചുല്ലസിച്ച് കഴിഞ്ഞിരുന്നു. അങ്ങനെ ഇരിക്കെയാണ് പുഴയുടെ തീരത്തുള്ള മരത്തിൽ ഒരു കുരുവി കൂട് ഉണ്ടാക്കുന്നത് ആമ കണ്ടത്. ഉണങ്ങിയ ചെറിയ കമ്പും ഇലകളും നാരുകളുമൊക്കെ കൊണ്ട് അമ്മ കുരുവി ദിവസങ്ങളെടുത്തു തന്റെ കൂട് നിർമാണം പൂർത്തിയാക്കി. ആ വീട്ടിൽ താമസവും തുടങ്ങി. അച്ഛൻ കുരുവിയും അമ്മ കുരുവിയും തന്റെ മൂന്നു കുഞ്ഞു കുരുവികളും ഒക്കെയായി അവർ ആ വീട്ടിൽ കഴിഞ്ഞു. ആമ അമ്മ കുരുവിയുമായി പെട്ടന്ന് തന്നെ ചങ്ങാത്തത്തിൽ ആയി. ദിവസവും പുഴക്കരയിൽ അവർ സംസാരിച്ചു ഇരിക്കുമായിരുന്നു. ഒരു ദിവസം സംസാരത്തിനിടയിൽ ആമ അമ്മകുരുവിയുടെ വീടിനെ കുറിച്ച് പറഞ്ഞു,” നിങ്ങൾക് വീടുണ്ടാക്കാൻ എന്തൊരു ബുദ്ധിമുട്ട് ആണ്. കമ്പുകളും ഇലകളും നാരുകളും ശേഖരിക്കുവാൻ തന്നെ ദിവസങ്ങൾ വേണ്ടിവരുന്നു. ഇതെല്ലാം കഴിഞ്ഞ് വീടുണ്ടാക്കി കഴിയുമ്പോഴോ അത് കാണാൻ ഒരു ഭംഗിയുമില്ല.മാത്രമല്ല മേല്കൂര ഒന്നുമില്ലാത്തതു കൊണ്ട് മഴ പെയ്താൽ നനയുകയും ചെയ്യും.” ഇതുകേട്ടപ്പോൾ അമ്മ കുരുവി തന്റെ സുഹൃത്തായ ആമയോട് പറഞ്ഞു. "നീ പറഞ്ഞത് ശെരിയാണ്. എന്റെ വീട് കാണാൻ ഭംഗി ഇല്ലാത്തതാണ്. വളരെ ബുദ്ധിമുട്ടിയാണ് ഞങ്ങൾ വീട് പണിയുന്നത് . കൂടാതെ മഴ പെയ്യുമ്പോൾ നനയുകയും ചെയ്യും. പക്ഷെ വളരെ കഷ്ടപ്പെട്ടു ഉണ്ടാക്കുന്ന ഈ വീട്ടിൽ ഞാൻ മാത്രമല്ല താമസിക്കുന്നത്. ഞാനും എന്റെ കുഞ്ഞുങ്ങളും അവരുടെ അച്ഛനും എല്ലാവരും താമസിക്കുന്നുണ്ട്. നിന്റെ പുറം തോട് നിനക്ക് വീടുപോലെ അഭയം തരും.പക്ഷെ അതിൽ നിനക്ക് മാത്രമേ കഴിയാൻ സാധിക്കു". അമ്മ കുരുവിയുടെ മറുപടി കേട്ട ആമ ഒരു നിമിഷം ചിന്തിച്ചു."നീ പറഞ്ഞത് ശരിയാണ് എന്നോട് ക്ഷമിക്ക്. ഒരു വീടുണ്ടാക്കുക എന്നതല്ല, ആ വീട് എല്ലാവർക്കും ഒരുമിച്ച് സന്തോഷത്തോടെ താമസിക്കാൻ കഴിയുന്നതാക്കുക എന്നതാണ് പ്രധാനം ". അങ്ങനെ ആമക്കു വീടിനെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ എല്ലാം മാറി. കുരുവിയും ആമയും നല്ല സുഹൃത്തുക്കളായി ഒരുപാട് കാലം അവിടെ കഴിഞ്ഞു.........

# വീട്



സ്വർഗ്ഗമാണെൻെറ വീട്
വീടാകുന്ന സ്വർഗ്ഗത്തിൽ
എന്നെ മാറിലണയ്ക്കാനായി
അമ്മയുണ്ടെനിക്കു വീട്ടിൽ
തോളിലേറ്റി നടക്കാനായ്
വീട്ടിലെനിക്കച്ഛനുണ്ട്
കഥകൾ ചൊല്ലി കേൾപ്പിക്കാൻ
മുത്തശ്ശനുണ്ട് മുത്തശ്ശിയും
ആടിപ്പാടിക്കളിച്ചീടാൻ
ചേട്ടനും ചേച്ചിയും ഉണ്ടെനിക്ക്

ഞങ്ങൾക്കും വീടിനും കാവലായി
ടോമിപ്പട്ടിയുമുണ്ടല്ലോ
സ്വർഗ്ഗമാകുന്ന ഈ വീടിനുള്ളിൽ
നമ്മൾ തമ്മിൽ സ്നേഹിച്ചും
സന്തോഷത്തിൽ ആറാടി
നാമൊരുമിച്ച വസിക്കുന്നു.

അജോഷ് .എസ്.അജയൻ





**ശ്രേയ**

**പത്ത് എ**

# യാത്ര

എന്റെ ഏറ്റവും മനോഹരമായ ഒരു യാത്രയാണ് പത്താം ക്ലാസ്സിലെ ആദ്യ വിനോദയാത്ര. പത്താം ക്ലാസ്സിൽ നിന്ന തന്നെ സ്കൂളിൽ നിന്ന് ഒരു വിനോദയാത്ര പോകുന്നുണ്ടായിരുന്നു.ഞങ്ങളുടെ താൽപ്പര്യം കൊണ്ട് തന്നെ അത് തീരുമാനിക്കുക ഉണ്ടായി. എന്നാൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ മാത്രമായിരുന്ന ഈ വിനോദയാത്രയിൽ പങ്കെടുക്കുന്നത്. എല്ലാ കുട്ടികൾക്കും അത് വലിയ സന്തോഷം ആയിരുന്നു. അങ്ങനെ ടൂർ പോകാനുള്ള ദിവസ തീരുമാനിച്ചു. സ്കൂളിൽ നിന്ന് ഫെബ്രുവരി ദിവസം ഞങ്ങൾ സ്കൂളിൽ നിന്ന് തിരിച്ചു. നമ്മൾ പറഞ്ഞ സ്ഥലത്ത് തന്നെ പോകാനാണ് തീരുമാനിച്ചിരുന്നത്- അതും വണ്ടർല, കൊച്ചിമെട്രോ, ലുലു മാൾ , എന്നി സ്ഥലത്തിലാണ് ഞങ്ങൾ പോയത്. സ്കൂളിൽ നിന്ന് അമ്പത്തിനകത്ത്ുള്ള പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളാണ് യാത്രയിൽ ഉണ്ടായിരുന്നത്.ടീച്ചേഴ്സും ഒപ്പമുണ്ടായിരുന്നു. എല്ലാവരും സ്കൂളിൽ എത്തിയ ടൂറിസ്റ്റ് ബസ്സിൽ കയറി. പിന്നെ പാട്ട് ഒക്കെ ഇട്ട് കുറെ നേരം ഡാൻസ് കളിച്ചു. ഞാനും കൂട്ടുകാരും കാണാത്ത കുറേ സ്ഥലങ്ങൾ കണ്ടു. ഓരോ സ്ഥലവും വ്യത്യാസ്തമായിരുന്നു. പിന്നെ ബസ്സിൽ ഇരുന്ന് സിനിമ കണ്ടു. ഒരു ഏഴര ആയപ്പോൾ കാപ്പി കഴിക്കാൻ വേണ്ടി ഇറങ്ങി - രാവിലത്തെ ഭക്ഷണം

നല്ലതായിരുന്നു. എല്ലാവരും കഴിച്ചിട്ട് വണ്ടിയിൽ പാട്ട്ഇട്ട് കളിച്ചു. പതിനൊന്ന് മണി ആയപ്പോൾ വണ്ടർലായിൽ എത്തി. പിന്നെ നയിലോൺ ഡ്രെസ്സ്

ധരിച്ച് എല്ലാ കുട്ടികളും പല പല റൈഡിൽ കളിച്ചു. രസമുള്ള അനുഭവമായിരുന്നു അത്. ടീച്ചർമാർക്കും ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കും ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു വിനോദയാത്രയായിരുന്നു. മറക്കാൻ കഴിയാത്ത സ്ഥലമായി വണ്ടർലാ മാറി. എന്നാൽ ഏറ്റവും കൂടുതൽ കുട്ടികൾ നന്നായി എൻജോയ് ചെയ്തത് അവിടെയാണ്. എല്ലാ കുട്ടികൾക്കും അധ്യാപകർക്കും ഈ യാത്രയും വണ്ടർലായിലെ കളികളും വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. അതുപോലെ എല്ലാരും ഒരിക്കലും മറക്കുകയില്ലാത്ത ഒരു വിനോദയാത്രയും കൂടെയായി ഞങ്ങളുടെ വീരണകാവ് സ്കൂളിലെ സഹപാഠികളുമൊത്തുള്ള ഈ വിനോദയാത്ര!







തിളക്കം - പ്രതിഭാസംഗമം

# ഒരേ ഒരു ഭൂമി

**കവിത**




ഒരേ ഒരു ഭൂമി ഇത് ഒരേ ഒരു ഭൂമി
പ്രപഞ്ചമാകെ പ്രതിബിംബിക്കും
പ്രകാശപൂരിതഭൂമി
ഇത് ഒരേ ഒരു ഭൂമി
ഇത് ഒരേ ഒരു ഭൂമി.

പുതിയൊരു പച്ച പുതപ്പു തീർക്കാൻ
ഒത്തൊരുമിക്കാമിപ്പോൾ
ഓരോ ഇഴയിലും ഇതൾ വിരിയുന്നൊരു
ഹരിതവനം തീർക്കാം, ഹരിത വനം തീർക്കാം
പച്ചപുതയ്ക്കും ഭൂമിക്കെന്നും കാവലാകാമിപ്പോൾ
ഓരോ പൂവിലും പൂന്തേനുണ്ണും
പൂമ്പാറ്റകളെ കാക്കാം പൂമ്പാറ്റകളെ കാക്കാം
ഒരേയൊരു ഭൂമി ഇത് ഒരേയൊരു ഭൂമി

പുഴയൊഴുകും വഴി നീരു നിറയ്ക്കാൻ
ഒത്തൊരുമിക്കാമിപ്പോൾ
ഓരോ പുഴയും സംരക്ഷിക്കാം
മലിനജലം മാറ്റാം മലിനജലം മാറ്റാം
ബാക്കിയാക്കാം ജീവനായി
പച്ചത്തുരുത്തു തീർക്കാം
തലമുറകൾക്കായ് ബാക്കിയാക്കാം
ഇത്തിരി ജീവൻ ഭൂവിൽ
ഇത്തിരി ജീവൻ ഭൂവിൽ
ഒരേയൊരു ഭൂമി ഇത് ഒരേയൊരു ഭൂമി

മണ്ണ് പുതയ്ക്കാൻ പ്ലാസ്റ്റിക്കൊന്നും
നമുക്ക് വേണ്ടേ വേണ്ട
മഴപൊഴിയുമ്പോൾ മണ്ണിൻഗന്ധം
എന്നും നമുക്ക് സ്വന്തം എന്നും നമുക്ക് സ്വന്തം
കലപില കൂട്ടി പാറി നടക്കും
പക്ഷിക്കൂട്ടം കാക്കാം
കാവലാകാം കരുതലാകാം നമ്മുടെ ഭൂമിക്കെന്നും
നമ്മുടെ ഭൂമിക്കെന്നും



**ഡോ :പ്രിയങ്ക പി യു**

**(തിരുവനന്തപുരം ജില്ല ഇക്കോ ക്ലബ്ബിന്റെ ഔദ്യോഗിക ഗാനമായി തിരഞ്ഞെടുക്കപ്പെട്ട ഗാനം )**



ഹരിതകേരളം അവാർഡ് ഏറ്റുവാങ്ങുന്നു

# മാറ്റാം ഗണിതത്തോടുള്ള ഭയം




## ലേഖനം

ഗണിതമെന്ന് കേൾക്കുമ്പോൾ തന്നെ പലരുടെയും നെറ്റി ചുളിയും. എന്നാൽ മറ്റൊരു രീതിയിൽ കണക്കിനെ സമീപിച്ചാൽ ഏറ്റവും രസകരമായ വിഷയമായി ഇത് മാറും. കണക്കിനെ ഇഷ്ടപ്പെടുന്നവർ നിരവധി ഉണ്ടെങ്കിലും കൂടുതൽ പേരും കണക്കിനെ വെറുക്കുന്നതായി കാണാൻ കഴിയും. ഭയക്കുന്നതാണ് എന്ന് പറയാം. എന്നാൽ രസകരമായ ഒരു കാര്യം ഈ ഭയത്തിന് കാരണം കണക്കോ കണക്ക് പഠിപ്പിക്കുന്ന അധ്യാപകരോ അല്ല എന്നതാണ്. പഠിക്കുന്ന നിങ്ങൾ തന്നെയാണ് അതിന് പ്രധാന കാരണം. മുൻധാരണയോടു കൂടി കണക്കിനെ സമീപിക്കുന്നത് ആദ്യം ഒഴിവാക്കുക. കണക്കിനെ ഇഷ്ടപ്പെട്ടു തുടങ്ങിയാൽ മറ്റേത് വിഷയത്തിനെക്കാളും രസകരമാകുന്നത് കണക്ക് തന്നെയായിരിക്കും. ഇതിന് ചില കാര്യങ്ങൾ നമ്മൾ ആദ്യമേ ചെയ്യേണ്ടതുണ്ട്. ഒപ്പം കണക്കു ക്ലാസുകളിൽ ഇരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതായ ചില കാര്യങ്ങളും ഉണ്ട്. ലളിതമായ ഈ മാർഗ്ഗങ്ങളിലൂടെ കണക്കിനെ ഒന്ന് സമീപിച്ച് നോക്കൂ.... തീർച്ചയായും നിങ്ങൾ കണക്കിന് ഇഷ്ടപെടും, അതോടൊപ്പം നല്ല മാർക്കും വാങ്ങും.




<u>അടിസ്ഥാന വിവരങ്ങൾ</u>

കണക്കിലെ അടിസ്ഥാന വിവരങ്ങളും സൂത്രവാക്യങ്ങളും മനസ്സിലാക്കി വയ്ക്കുക എന്നതാണ് ആദ്യ പാഠം. അടിസ്ഥാന കാര്യങ്ങളിൽ വ്യക്തതയില്ലാതെ അടുത്ത ക്ലാസുകളിലേക്ക് പോകുമ്പോൾ കണക്ക് പ്രയാസമായി തോന്നും. ആദ്യം പഠിക്കേണ്ടത് ഗുണന പട്ടികയാണ്. 12 വരെയെങ്കിലും ഉള്ള ഗുണനപ്പട്ടിക എല്ലാവരും ഹൃദിസ്ഥമാക്കണം. വീണ്ടും വീണ്ടും ആവർത്തിച്ച് പഠിക്കുക അപ്പോൾ ഒരിക്കലും അത് മറക്കാതിരിക്കും. അതോടൊപ്പം ഓൾജിബ്രയിലെ അടിസ്ഥാന ഫോർമുലകളും മനപ്പാഠമാക്കണം.

## ക്ലാസിൽ പോകുന്നതിനു മുൻപ്

ഒരു ദിവസം പഠിപ്പിച്ചത് കൃത്യമായി പഠിച്ച് കൊണ്ട് വേണം അടുത്ത ക്ലാസിലേക്ക് കടന്നു പോകാൻ. ഇന്നത്തെ ഫോർമുലയുടെ അല്ലെങ്കിൽ പാഠഭാഗത്തിന്റെ തുടർച്ചയാണ് നാളത്തെ ക്ലാസ്സിൽ ഉള്ളത്. ഇന്ന് പഠിക്കാതെ നാളെ നമുക്ക് എന്ത് മനസ്സിലാക്കാൻ കഴിയും. കണക്ക് ചെയ്തു തന്നെ പഠിക്കണം വായിച്ചു പഠിക്കുന്നത് കുറച്ചു കഴിയുമ്പോൾ മറന്നുപോകും. എത്രത്തോളം നമ്മൾ ചെയ്തു പഠിക്കുന്നുവോ അത്രയും നമുക്ക് ഗണിതം എളുപ്പമായി മാറും.




## ക്ലാസ്സുകൾ നഷ്ടപ്പെടുത്തരുത്

ഗണിത ക്ലാസുകൾ നഷ്ടപ്പെടുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആദ്യ ക്ലാസിൽ പഠിച്ചതിന്റെ തുടർച്ചയായിരിക്കും തുടർന്നു വരുന്ന ക്ലാസുകളിൽ ഉള്ളത്. ആദ്യഭാഗം അഥവാ അടിസ്ഥാനം മനസ്സിലാക്കാതിരുന്നാൽ ആ പാഠം മുഴുവനും വളരെ പ്രയാസമായി മാറും. കഴിവതും ക്ലാസ്സുകൾ ഒഴിവാക്കാതെ താല്പര്യത്തോടെ എല്ലാ ക്ലാസ്സിലും ശ്രദ്ധയോടെ ഇരുന്നു പഠിക്കണം. ഒരു ക്ലാസ്സ് നിങ്ങൾക്ക് നഷ്ടമായാൽ അത് അധ്യാപകനോടു നിങ്ങളുടെ സുഹൃത്തുക്കളോടോ ചോദിച്ച് പഠിച്ചിട്ട് വേണം അടുത്ത ക്ലാസ്സ് അറ്റൻഡ് ചെയ്യേണ്ടത്.

ഇങ്ങനെ ചെയ്യുന്നത് ഗണിതത്തോടുള്ള പേടി മാറ്റാനും കണക്കിനെ കൂടുതൽ ഇഷ്ടപ്പെടാനും ഇടവരുത്തും.

ഗണിതവുമായി ബന്ധപ്പെട്ട മത്സരങ്ങൾ, ഗണിത ക്ലബ്ബുകൾ, എന്നിവയിൽ ചേർന്ന് പ്രവർത്തിക്കുന്നത് ഗണിതത്തോടുള്ള താല്പര്യം വർധിപ്പിക്കാൻ ഇടയാക്കും.



ഗോടെക് ഗ്രാന്റ് ഫിനാലെയിൽ നിന്നും......



# കണിക്കൊന്ന

കഥ

"എന്താ അവിടെ" അമ്മയുടെ പുറകിൽ നിന്നുള്ള വിളി കേട്ട് മാല്യ തിരിഞ്ഞുനോക്കി. അവൾ എന്തോ കയ്യിൽ ഒളിപ്പിച്ചിട്ടുണ്ടെന്ന് അമ്മയ്ക്ക് മനസ്സിലായി. "ഒന്നുമില്ലമ്മേ" ഓടുന്നതിനിടയിൽ അവളുടെ കയ്യിൽ ഉണ്ടായിരുന്ന കണിക്കൊന്ന വിത്ത് തെറിച്ചു പോയി, മാല്യവിന് സങ്കടമായി !

"എന്റെ പ്രിയപ്പെട്ട വിത്തേ നീ എവിടെയാ ഒളിച്ചിരിക്കുന്നത്. "

നാളുകൾ കടന്നുപോയി .പാഴ് - മരങ്ങൾ വളർന്ന് പറമ്പ് കാടുപിടിച്ചു. നാളെ വിഷുവാണ്. കണിക്കൊന്ന പൂവില്ലാതെ കണി വയ്ക്കുന്നത് എങ്ങനെ?

അവൾക്ക് വിഷമമായി....

"മാല്യ ... മാല്യ ... "അവളെ ആരോ വിളിക്കുന്നതായി തോന്നി.അവൾ ചുറ്റും നോക്കി. ആരെയുംകണ്ടില്ല !

അവൾക്കു പേടിയായി.... "പേടിക്കേണ്ട ഇതു ഞാനാ" ശബ്ദംകേട്ട് അവൾ തിരിഞ്ഞു നോക്കി അതാ കണിക്കൊന്ന മരം നിറയെ പൂത്തു നിൽക്കുന്നു!! "ഇതാ എന്റെ സ്നേഹ സമ്മാനം" അവൾക്ക് കൈനിറയെ പൂക്കൾ കൊടുത്ത് കണിക്കൊന്ന മരം ആർത്തു ചിരിച്ചു!അവളും ചിരിച്ചു!!

അപ്പോൾ ഒരു ഇളം കാറ്റ് കണിക്കൊന്ന മരത്തെയും അവളേയും തഴുകി കടന്നുപോയി...



അഭിനന്ദന ക്ലാസ് 5

**കണിക്കൊന്ന**



## ചിത്രകാരന്മാരായ

## ജ്യേഷ്ഠാനുജന്മാർ............







കവിത

# അമ്മ അമ്മ



ബിസ്മയ ക്ലാസ് 10 B

ഭൂമിയിൽ ശ്രേഷ്ഠമാം വാക്കിൽ
മാഹാത്മ്യം" അമ്മ"
അമ്മയില്ലാത്ത ഒരു ജന്മം ഈ
ഭൂമിയിൽ ഉണ്ടോ?
അമ്മയിൽ കുടികൊള്ളും ദൈവ
രൂപം
വേദങ്ങൾ അതിനു സാക്ഷി തന്നെ

ആദ്യം കണ്ട ദൈവം അമ്മ!
അമ്മതൻ സ്നേഹം ആദ്യം മനസ്സിൽ
ഉദിക്കും!
അമ്മതൻ സ്നേഹ വാത്സല്യം നെഞ്ചിൽ
തുളുമ്പും!
അമ്മ തൻ സ്നേഹ കരങ്ങളിൽ മക്കളെ
താരാട്ടുപാടിയുറക്കും!


അമ്മതൻ സ്നേഹ കരങ്ങളിൽ മക്കളെ
മെല്ലെ മെല്ലെ വളർത്തും!
അമ്മതൻ സ്നേഹം ചൊരിയുമ്പോൾ,
മക്കൾ തൻ സ്നേഹം പൂവണിയുന്നു...
ഈരേഴ ലോകവും നിറഞ്ഞു നിൽക്കും
അമ്മ!!

മക്കളുടെ ആനന്ദം അമ്മയ്ക്ക് പരമാനന്ദം..
ഈ സത്യം മക്കൾ മനസ്സിലാക്കിയാൽ,
ഭൂമിയിൽ അമ്മയുടെ മക്കൾ എന്നും വിളങ്ങി
നിൽക്കും ..
ഭൂമിയിൽ ശ്രേഷ്ഠമാം വാക്കിൽ
മാഹാത്മ്യം അമ്മ!!!!

# പഴഞ്ചൊല്ലുകൾ

## പഴഞ്ചൊല്ലുകൾ

1) വിത്തുഗുണം പത്തു ഗുണം
2) താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീണു
3) അധികമായാൽ അമൃതം വിഷം
4) കാക്ക കുളിച്ചാൽ കൊക്ക് ആകില്ല
5) കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്
6) പശുവിന്റെ കടിയും മാറും കാക്കയുടെ വിശപ്പും തീരും
7) കടൽകാഞ്ഞാൽ കുതിര വൈക്കോലും തിന്നും
8) കുരയ്ക്കും പട്ടി കടിക്കില്ല
9) കുറുക്കൻ ചത്താലും കണ്ണ് കോഴിക്കൂട്ടിൽ തന്നെ
10) കുരങ്ങന്റെ കയ്യിലെ പൂമാല പോലെ
11) വാ വിട്ട വാക്കും കൈവിട്ട ആയുധവും തിരിച്ചെടുക്കാൻ ആവില്ല
12) കൊക്ക് എത്ര കുളം കണ്ടതാ
13) ഗതികെട്ടാൽ പുലി പുല്ലും തിന്നും
14) വിളയുന്ന വിത്ത് മുളയിൽ അറിയാം
15) പതിരില്ലാതെ കതിരില്ല
16) നിറകുടം തുളുമ്പില്ല
17) തെറ്റിയാൽ ആനയും വീഴും
18) അട്ടയെ പിടിച്ച് മെത്തേ കിടത്തിയാൽ അത് കിടക്കുമോ
19) കാലത്തെ വിതച്ചാൽ നേരത്തെ കൊയ്യാം
20) വിത്താഴം ചെന്നാൽ പത്തായം നിറയും
21) മണ്ണ് വിറ്റു പൊന്നു വാങ്ങരുത്
22) നല്ല തെങ്ങിന് 40 മടൽ
23) വിത്തൊന്നിട്ടാൽ മറ്റൊന്ന് വിളയില്ല
24) നവര വിതച്ചാൽ തുവര കായ്ക്കുമോ
25) തിന വിതച്ചാൽ തിന കൊയ്യും
വിന വിതച്ചാൽ വിന കൊയ്യും





**ലിന്റോ**

**ക്ലാസ് 9 C**

# അമ്മ എന്ന ഭൂമി

കവിത



## അമ്മ എന്ന ഭൂമി

അമ്മയാണ് സത്യം
അമ്മ തന്നെ സ്നേഹം
അമ്മയാണ്
കണ്മുന്നിൽ
കാണുന്ന ദൈവം

ദൈവത്തിന്
എന്തെല്ലാം
നന്മകളുണ്ടോ
അവയെല്ലാം ഈ
മണ്ണിൽ
അമ്മയിൽ മാത്രം

ആൻസി
പത്ത് എ

## ജ്യാമിതീയ നിർമിതി

വൈഷ്ണവി പത്ത് ബി



കഥ

# പെൺകരുത്ത്

"ദേവൂട്ടി സ്കൂളിൽ പോയാലും ചാടി മറിയാൻ നിക്കണ്ട... വെയിൽ കൊള്ളരുത്.. മഴയത്ത്




ഇറങ്ങി നനയാതെ കുട പിടിച്ചു തന്നെ വരണം... വൈകിട്ട് സ്കൂൾ വിട്ടാൽ തിരിച്ചു ഉടനെ വീട്ടിൽ എത്തണം... വെറുതെ കറങ്ങി നടക്കരുത് ...വഴിയിൽ വെച്ച് പരിചയമില്ലാത്തവരെ കണ്ടാൽ ചിരിക്കാനോ പരിചയപ്പെടാനും നിൽക്കണ്ട...പെട്ടെന്ന് തന്നെ വീട്ടിലേക്ക് വരാൻ നോക്കണേ..." കഴിഞ്ഞോ അമ്മയുടെ ഉമ്മറ പ്രസംഗം!! ദേവൂട്ടി അമ്മയെത്തന്നെ സൂക്ഷിച്ചു നോക്കി നിന്നു. എന്നും പോകാൻ ഇറങ്ങുമ്പോൾ ഇത് പതിവാണല്ലോ. ആ നോട്ടത്തിന്റെ അർത്ഥം പക്ഷേ കാര്യമായിട്ടൊന്നും അമ്മയ്ക്ക് പിടികിട്ടിയില്ല. അടുത്ത വീട്ടിൽ നിന്നും തന്നോടൊപ്പം സ്കൂളിലേക്ക് ഇറങ്ങുന്ന ഉണ്ണിക്കുട്ടനോട് അവന്റെ അമ്മ എന്തേ ഇതൊന്നും പറയാത്തത്. ഒന്നും മനസ്സിലാകുന്നില്ല.. സ്കൂളിലേക്കുള്ള വഴിയെ അവൾ തന്റെ സംശയം ഉണ്ണിക്കുട്ടനോട് തന്നെ ചോദിച്ചു. നേരത്തെ കുറിച്ച് വച്ചത് പോലെ അവൻ മറുപടി പറഞ്ഞു "അതിന് നീ ഒരു പെൺകുട്ടി ആയതുകൊണ്ടാണ്".. "എന്നെ കണ്ടില്ലേ!! ഞാൻ ഒരു ആൺകുട്ടി ആയതുകൊണ്ട് എവിടെ വേണോ പറന്നു നടക്കാം.... നേരം വൈകുന്നത് കൊണ്ട് അല്ലേ നിന്നെ ട്യൂഷനു പോലും വിടാത്തത്. ഹോ!! അവിടത്തെ മാമ്പഴത്തിന്റെ രുചി അറിയാൻ ഭാഗ്യമില്ലാതായി പോയല്ലോ" എന്ന് അവൻ കൂട്ടിച്ചേർത്തു. കഷ്ടം തന്നെ ദേവൂട്ടി.... ഉണ്ണിയുടെ മറുപടി കേട്ട് ദേഷ്യവും സങ്കടവും ഒക്കെ തോന്നിയെങ്കിലും അവൾ ഈ വിഷയത്തെക്കുറിച്ച് കാര്യമായി ചിന്തിച്ചു. "ഇതെന്തു മാറിമായം! നമ്മൾ സമപ്രായക്കാരല്ലേ??" പഠനത്തിൽ താൻ ഒന്നാമതാണെങ്കിലും ഉണ്ണിക്ക് കിട്ടുന്ന സ്വാതന്ത്ര്യവും മതിപ്പും ഒന്നും തനിക്ക് കിട്ടാത്തത് എന്തേയ്!! മനസ്സിൽ തിങ്ങിനിറഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരം ആരോട് ചോദിക്കണം എന്ന ശങ്കയിലായി അവൾ.

"ആലോചിച്ചു നിൽക്കാൻ സമയമില്ല, ദേവൂ വേഗം വാ..."

ഈശ്വര പ്രാർത്ഥനയ്ക്ക് ബെല്ലടിച്ചു. ദേവുവിന്റെ ചിന്തകൾക്ക് വിരാമം ഇട്ടു. ക്ലാസ് മുറിയിലേക്ക് പ്രവേശിക്കുന്ന ഇടനാഴിയിൽ വച്ചാണ് അവർ മായ ടീച്ചറെ കണ്ടത്. ഗുഡ്മോണിങ് ടീച്ചർ!! ഇരുവരും ബഹുമാനപുരസ്സരം ടീച്ചറിനെ വണങ്ങി. അപ്പോഴാണ് അവൾ കഴിഞ്ഞ ദിവസത്തെ സംഭവം ഓർത്തത്. ഡ്രിൽ പീരിയഡ് കളിക്കാതെ ക്ലാസ് മുറിയിൽ ഇരുന്നു ഉറങ്ങിയ എല്ലാ പെൺകുട്ടികളെയും ടീച്ചർ മൈതാനത്തേക്ക് ഇറക്കി വിട്ടു, എന്നുമാത്രമല്ല പെൺകുട്ടികൾ കളിച്ചുവളരണം എന്ന താക്കീതും കൊടുത്തിരുന്നു. ഇടവേള സമയത്തിനു ബെല്ലടിച്ചപ്പോൾ അവൾ പതിയെ ടീച്ചറെ കാണാൻ പോയി. തനതായ രീതിയിൽ സാരിയുടുത്ത്, തുളസി കതിർ മുടിയിൽ ചൂടി ചന്ദനക്കുറിയുമായി ഇരിക്കുന്ന ടീച്ചറെ കണ്ടപ്പോൾ തന്നെ അവൾക്ക് സന്തോഷം തോന്നി. ദേവു തന്റെ ചോദ്യങ്ങളും സംശയങ്ങളും ഒന്നൊഴിയാതെ ടീച്ചറെ കേൾപ്പിച്ചു. ഈ കുഞ്ഞു മനസ്സിനെ പോലും പെൺകരുതൽ ഒരു ഭാരമായി മാറിക്കഴിഞ്ഞതായി ടീച്ചറിന് മനസ്സിലായി. സ്വതസിദ്ധമായ ചിരിയോടെ തികച്ചും സ്വാഭാവികമായ രീതിയിൽ ടീച്ചർ മെല്ലെ മറുപടി പറഞ്ഞു.. "ദേവൂട്ടിയെ ഈ വേർതിരിവുകൾ പണ്ട് അറിവില്ലാത്ത കാലത്ത് ഉണ്ടാക്കിവച്ച മാമൂലുകൾ ആണ്. എന്നാൽ വിദ്യാഭ്യാസത്തിന്റെ വിത്തുകൾ തുല്യതയും സമത്വവുമെല്ലാം പാകി മുളപ്പിച്ചു കൊണ്ടിരിക്കുകയാണ്". "ഇത് കണ്ടില്ലേ!! മഹാത്മാഗാന്ധിയുടെയും അബ്ദുൽ കലാമിന്റെയും ചിത്രങ്ങൾക്കൊപ്പം ഇരുന്ന ഇന്ദിരാഗാന്ധിയുടെയും കൽപന ചൗളയുടെയും ചിത്രങ്ങളിലേക്ക് ടീച്ചർ വിരൽചൂണ്ടി. രാജ്യത്തിന് മുതൽ കൂട്ടായി മാറിയ മഹാന്മാരോടൊപ്പം ഈ വനിതാരത്നങ്ങളെയും കണ്ടില്ലേ!! ഇവിടം സമമാണ് കുട്ടി...സ്വന്തം കഴിവുകളെ തിരിച്ചറിയുക, ഊർജസ്വലതയോടെ പ്രവർത്തിക്കുക എന്നതാണ് പ്രധാനം". ടീച്ചറിന്റെ വാക്കുകൾ അവൾക്ക് കരുത്ത് പകർന്നു. പ്രതീക്ഷയുടെ അഗ്നിച്ചിറകുകൾ മുളപൊട്ടി. പിന്നീട് വർഷങ്ങൾ കഴിഞ്ഞ് നാടിനും വീടിനും അഭിമാനമായി മാറിയ കളക്ടർ ദേവപാലയെ വേദിയിലേക്ക് ക്ഷണിച്ചപ്പോൾ അവൾക്ക് പറയാനും ഇതേ വാക്കുകളെ ഉണ്ടായിരുന്നുള്ളൂ. വർഷങ്ങൾക്ക് മുൻപ് തന്റെ അധ്യാപിക പറയാതെ പറഞ്ഞുവെച്ച വാക്കുകൾ. "എല്ലാ മാമൂലകളെയും കരുതലുകളെയും



ലതികാകുമാരി വി
പ്രീപ്രൈമറി അധ്യാപിക

**വിട്ട് പുറത്തു വരിക, വായിക്കുക, വളരുക, നാളെയുടെ പ്രതീകവും പ്രതീക്ഷയുമായി മാറുക. ഒപ്പം ആൺ പെൺ വേർതിരിവുള്ള സംരക്ഷണകൾ അല്ല വേണ്ടത് .മറിച്ച് എല്ലാ കുഞ്ഞുങ്ങളെയും പരസ്പരം സ്നേഹിക്കാനും, ബഹുമാനിക്കാനും പഠിപ്പിക്കാം. മറ്റുള്ളവരുടെ വികാരങ്ങളിൽ മനസ്സിലാക്കാൻ പ്രാപ്തരാക്കാം**

**കവല പ്രസംഗങ്ങളും അച്ചടി പ്രഖ്യാപനങ്ങൾക്കും അപ്പുറം മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു സമൂഹത്തെ വാർത്തെടുക്കാം." വേദിയിൽ നിന്നും വരുന്ന കരഘോഷങ്ങളെ ഒരു ചെറുപുഞ്ചിരിയോടെ അവൾ ഏറ്റുവാങ്ങി.**



**ഫുൾ എ പ്ലസ് തിളക്കവുമായ്.... സന്ധ്യ ടീച്ചറും സൂസൻ ടീച്ചറും**



**പി.ടി.എ 2022-2023**




# കൊച്ചു ചിത്രകാരികൾ






കവിത

# പ്രഭാതം



അനുരൂപ്

ഒത്തിരി കിളികൾ ചിലച്ചനേരം
ഒത്തിരി പൂക്കൾ വിടർന്നനേരം
നിദ്ര അകന്നു ഞാൻ, സുപ്രഭാതം
കൺകളിൽ എത്തി നിന്നനേരം
കാറ്റത്താടുന്ന വൻമരങ്ങൾ
സൂര്യന്റെ രശ്മികൾ ചിഞ്ചിലമായി
എന്നുള്ളിൽ തത്തി കളിച്ച നേരം
ശിഖരം തഴകം ദലമർമരം
കാതോരം നിറയും വേദ ശ്ലോകം
ഞാനിന്നറിഞ്ഞു ഈ രാവിൽ
എന്നുള്ളിൽ ശാന്തസുഗന്ധം നിറച്ച
ഈ നിർമ്മല കുളിർമതൻ മഹത്വം.

## പഴഞ്ചൊല്ലുകൾ



1. ' ഞാൻ പെറ്റ കാലം മീൻ പെറ്റ പോലെ വാലറ്റകാലം ഞാൻ പെറ്റ പോലെ '
2. ' എട്ടെല്ലൻ കുട്ടപ്പൻ ഒറ്റക്കാലൻ '
3. ' അകന്നു നിന്ന് നോക്കി കാണും കണ്ടെത് എല്ലാം ഉള്ളിലൊതുക്കും '
4. ' മുള്ളുണ്ട് മുരിക്കല്ല കയ്പ്പുണ്ട് കാഞ്ഞിരം അല്ല വാലുണ്ട് വാനരൻ അല്ല '
5. ' അകത്തിരിപ്പോനെ പുറത്തുകാട്ടും ചങ്ങാതി'
6. ' ആരോടും പോരാടും ചൂടൻ വെള്ളം കണ്ടാൽ ചുരുങ്ങും '
7. ' ആദ്യം കുന്തം പിന്നേ കുഴൽ പിന്നേ പായ '
8. ' ആറ്റിൽ നിന്ന് ഒന്നെടുത്തു ഒന്നിനെ മൂന്നാക്കി മൂന്നിൽനിന്ന് രണ്ടെടുത്തു രണ്ടിനെ നൂറാക്കി '
9. ' അച്ഛൻ സൂര്യൻ അമ്മ കടൽ കുടിൽ തൊട്ട് കൊട്ടാരം വരെ പ്രവേശനമുള്ള ഇത്തിരി കുഞ്ഞൻ'
10. 'അന്തിയോളം അകത്തോ പുറത്തോ അന്തിയായാൽ പുറത്തു തന്നെ '
11. ' പിന്നാലെ വന്നവൻ മുന്നാലേ പോയി '

12.' വെളുക്കുമ്പോൾ കറക്കും കറക്കുമ്പോൾ വെളുക്കും '
13.' കറിക്കു മുൻപൻ ഇലക്ക് പിൻപൻ '
14.' വെള്ളത്തിൽ ജനിച്ചു വായുവിൽ വളർന്നവൻ '
15.'അകത്തു തിരിയിട്ട് പുറത്ത് മുട്ടയിട്ടു '
16.'വെള്ളമില്ലാ ആഴിയിൽ ആളില്ലാ വള്ളം
17.' അങ്ങേലെ ചങ്ങാതിക്ക് ഊണ് കഴിഞ്ഞാൽ കയ്ക്കാത്ത പൂക്കാത്ത ചെടിയുടെ ഇല വേണം, ഏതാണ് ഇല


നിഖില
ക്ലാസ്
10 A

18.' ഉറക്കമുണ്ട് പക്ഷെ കണ്ണടക്കില്ല '
19.' ഉണ്ടാക്കാൻ പാട് ഉണ്ടാക്കിയാൽ ഒടുങ്ങില്ല കൊടുത്താൽ ഇരട്ടിക്കും'
20.'അപ്പം പോലെ ഉടലുണ്ട് അല്പം മാത്രം തലയുണ്ട് '
21.'അഞ്ചെടികൊമ്പത്തൊരു തുടം ചോര
22.'ആനയെ കെട്ടാൻ തടിയുണ്ട് ജീരകം പൊതിയാൻ ഇലയില്ല '
23.'പച്ച വെട്ടി വെള്ള കണ്ടു വെള്ള വെട്ടി പാറ കണ്ടു പാറ വെട്ടി വെള്ളം കണ്ടു '
24.'അമ്പാട്ടെ പട്ടിക്ക് നാക്കിൽ പല്ല് '
25.'കാൽകുറുമ്പൻ മുക്കാ ചോപ്പൻ '
25.'വീഴുന്നേരം പൊന്മുത്ത് വീണു പിടഞ്ഞാൽ വെൺമുത്ത് '
27.'എഴുത്തുണ്ട് പുസ്തകമല്ല ചിത്രമുണ്ട് ചുവരല്ല വട്ടത്തിലാണ് ടയറല്ല '
28.'വെള്ളം വേണ്ട വറ്റും വേണ്ട വായ മാത്രം ഭക്ഷണം '
29.'വാലുകൊണ്ട് കട പിടിച്ചു നൃത്തം വയ്ക്കുന്ന ഞാൻ ആര് '
30.'കണ്ണ് രണ്ടുണ്ട് നീണ്ട നാക്കുണ്ട് കണ്ടതെല്ലാം കക്കിക്കും '

**ഉത്തരങ്ങൾ**

1. തവള
2. കട
3. ക്യാമറ
4. പാവയ്ക്ക
5. മുഖകണ്ണാടി
6. തീ
7. വാഴ
8. കാക്ക
9. ഉപ്പ്
10. വാതിൽപടി
11. പല്ല്
12. പാൽ
13.കറിവേപ്പില
14. കൊതുക്
15. കുരുമുളക്
16. ചന്ദ്രക്കല
17. വെറ്റില
18. മീൻ
19. അറിവ്
20. ആമ
21. ചെമ്പരത്തി
22. പുളിമരം
23. തേങ്ങ
24. ചിരവ
25. കുന്നിക്കുരു
25. മലര്
27. നാണയം
28. ബലൂൺ
29. മയിൽ
30. കത്രിക

കവിത

# മനുഷ്യൻ കൊതിക്കുന്ന സൂര്യൻ



കാർത്തിക് എച്ച്.പി
ക്ലാസ് 10 B

അറിവിന്റെ കുടമാണ് സൂര്യൻ...
നീ ഉദിച്ചുയരുമ്പോൾ നാളെയുടെ
പ്രത്യാശ താനെ ഉണർന്നിടുന്നു.....
നീ അണഞ്ഞിടുമ്പോൾ അത്
ശാന്തിയെ താനെ തഴുകി
തലോടിടുന്നു.....

ഒരു ദിനം നീയില്ലാതിരുന്നാൽ
പകലുപോലും കറുത്തിരുണ്ടിടുന്നു.....
എങ്കിലും പതറാതെ നിന്നെ ഞാൻ
വിശ്വസിച്ചിടുന്നു നാളെ നീ
എത്തിടും ചുട്ടുചുവപ്പായ്......
നീയുണ്ടോ അറിയുന്നു , നിന്നെ വിചാരിച്ചു

ഓരോ മനുഷ്യരും ജീവിക്കുന്നീ
ധരണിയിൽ.....

നിന്റെ ചൂടിനായി,നിന്റെ
വെളിച്ചത്തിനായ്
നമ്മളോരോരുത്തരും
കണ്ണിമവെട്ടാതെ
നോക്കിനിൽക്കുന്നു......

നാളെയുടെ പ്രതീക്ഷ നിന്നിലാണെന്ന്
നീയതെന്തോ അറിഞ്ഞിടുന്നില്ല.....
എങ്കിലും സുഹൃത്തേ നീയറിഞ്ഞോളിൻ

നിന്നെ പ്രതീക്ഷിച്ചു നമ്മുടെ
നാളെയുടെ
വാഗ്ദാനങ്ങളുണ്ടിവിടിപ്പോഴും..........

ലേഖനം

# ഗ്രന്ഥപുരയും വായനാശീലവും കുട്ടികളിൽ





വായനാശീലം നമ്മളിലും കുട്ടികളിലും വളരെ കുറഞ്ഞു വരുന്ന ഒരു കാലഘട്ടമാണ് ഇപ്പോൾ കണ്ടുവരുന്നത്. സോഷ്യൽ മീഡിയയുടെ കടന്ന വരവോടെ വായന വളരെ പിറകിലോട്ട് ആയി കുട്ടികളും മുതിർന്നവരും മൊബൈലും കമ്പ്യൂട്ടറിലും ചങ്ങാത്തം കൂടിയതിൽ പിന്നെ എല്ലാം അവരുടെ വിരൽത്തുമ്പിൽ കിട്ടുന്ന സാഹചര്യം ആണല്ലോ, വായിക്കുന്നതിനേക്കാൾ നല്ലത് ഫോണിലൂടെ കിട്ടുന്ന യൂട്യൂബ് ചാനൽ വഴി ഞൊടിയിടയിൽ ഒരു പുസ്തകം കേട്ടു തീർക്കുന്നു, പക്ഷേ അത് ഒരിക്കലും നമ്മൾ ഒരു പുസ്തകം വായിക്കുന്ന ഒരു ഉണർവ് കിട്ടുകയില്ല.

വായനയിൽ നിന്നും കിട്ടുന്ന അറിവ് നമ്മുടെ ജീവിതത്തിന്റെ വിജയത്തിന് ഒരു മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. നമ്മൾ നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്തു വായിക്കാൻ ശ്രമിക്കുക അതു നമ്മെ നമ്മുടെ വഴി തെളിയിക്കാൻ സഹായിക്കും.

ഇവിടെ ഒരു ചോദ്യം ഉണ്ട് ഒരു നല്ല പുസ്തകം നമ്മൾ എങ്ങനെ തിരിച്ചറിയും എന്നല്ലേ, ഉദാഹരണം നമ്മൾ ഒരു പുസ്തകോത്സവത്തിന് പോവുകയാണ് അവിടെ പല പ്രസാധകരുടെയും, പല എഴുത്തുകാരുടെയും പുസ്തകങ്ങൾ കാണാൻ കഴിയും.അതിൽ നമ്മൾ കുട്ടികൾക്കാണ് പുസ്തകം തിരഞ്ഞെടുക്കുന്ന എങ്കിൽ ഗുണപാഠങ്ങൾ ഉള്ളതും ചിന്തിപ്പിക്കാൻ കഴിവുള്ളതുമായ പുസ്തകങ്ങൾ


റെൻഷി,ലൈബ്രേറിയൻ

തിരഞ്ഞെടുക്കണം. എന്നാൽ മുതിർന്നവർ തിരഞ്ഞെടുക്കുമ്പോൾ അവർക്ക് കഥ,കവിത, നോവൽ, ലേഖനങ്ങൾ, ആത്മകഥകൾ തുടങ്ങിയവ തിരഞ്ഞെടുത്താൽ,ആ പുസ്തകങ്ങൾ അവർക്ക് വായിക്കാൻ എളുപ്പവും

പ്രയോജനപ്രദവുമായിരിക്കും. നമ്മൾ ഏതൊരു പുസ്തകം എടുക്കുമ്പോഴും അതിന്റെ ബാക്ക് കവറിൽ ആ പുസ്തകത്തിന്റെ ചെറിയൊരു വിവരണം തന്നിരിക്കും,അത് നോക്കിയും നമ്മൾക്ക് പുസ്തകം തെരഞ്ഞെടുക്കാവുന്നതാണ്.

അടുത്തതായി നമ്മൾ ഒരു ലൈബ്രറിയിലേക്ക് പോവുകയാണെങ്കിൽ എന്തെടുക്കും, ആരുടെ പുസ്തകം എടുക്കും, എവിടെ കാണും ഇതൊന്നും സാധാരണ ഒരു കുട്ടിക്ക് അറിയണമെന്നില്ല. അതിനായി നിങ്ങളെ സഹായിക്കാനായി അവിടെ ഒരു ലൈബ്രറിയൻ ഉണ്ടാകും. അവർ ഓരോ പുസ്തകവും വേർതിരിച്ച് വിഷയ അടിസ്ഥാനത്തിലും, കവിത, കഥ, ഉപന്യാസം, ബാലസാഹിത്യം, നോവൽ, റഫറൻസ് സെക്ഷൻ തുടങ്ങിയ പല ഘട്ടങ്ങളായി ഷെൽഫുകളിൽ സൂക്ഷിച്ചിട്ടുണ്ടാവും. അത് ലൈബ്രേറിയന്റെ സഹായത്തോടെ എടുക്കാൻ സാധിക്കുന്നു. എടുക്കുന്ന പുസ്തകത്തിന്റെ വിവരങ്ങൾ അവിടെയുള്ള പുസ്തകവിതരണ രജിസ്റ്ററിൽ എഴുതിയതിനു ശേഷം കുട്ടികൾക്ക് വായിക്കാൻ എടുക്കാൻ ഉള്ള സൗകര്യവും ലൈബ്രറിയിൽ ഉണ്ട്.

അറിവ് വർദ്ധിപ്പിക്കാനുള്ള നല്ല ഒരു പാതയാണ് ചെറുപ്പത്തിലേയുള്ള വായനാശീലം. കുട്ടികളിലെ വായനാശീലം വളരണമെങ്കിൽ പുസ്തകങ്ങളുമായുള്ള സൗഹൃദം മാതാപിതാക്കൾ കുട്ടികളിൽ വളർത്തിയെടുക്കേണ്ടതാണ്. വായനാശീലം തുടങ്ങാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും കുഞ്ഞു കഥകൾ വായിച്ച് വായന എന്ന ഈ മഹാലോകത്തേക്ക് കടന്നു വരാവുന്നതാണ്.

# തള്ളക്കിളി




ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾക്കിര-
യുമായിതാ തിടുക്കത്തിൽ പറ-
ന്നണയുന്നു ,ചുട്ടിപറന്നുഴലുന്നു !
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കുതോന്നുന്നു
നിങ്ങളെൻ ലോകത്തെയെന്തെന്തു ചെയ്യും?
നിങ്ങൾ ലോകത്തെയെന്തെന്തു ചെയ്യും?



ഹൃദ്യ അനിൽ ക്ലാസ് 8 B

കവിത

# മാലാഖയും ലിറ്റിൽ കൈറ്റ്സും

ആകാശക്കോട്ടയിൽ നിന്നും..
പറന്നുവന്നൊരു മാലാഖ!!
കുഞ്ഞിച്ചിറകുകൾ വീശിയവൾ
കൊഞ്ചിച്ചൊല്ലി മൊഴിയഴക്.......

കണ്ണേ കരളേ കുട്ടികളേ
കള്ളം കളവ് പറയരുതേ....
പഠനം നന്നായി പോകാനായ്..
ഫോണിൽ വെറുതെ കളിക്കരുതേ...

ലിറ്റിൽ കൈറ്റ്സായി പറക്കാല്ലോ!!
വാനിൽ പാറിപ്പറക്കാല്ലോ!!
സൂര്യനും ചന്ദ്രനും വിളിക്കുന്നു...
താരഗണവും ചിരിക്കുന്നു...

വിജ്ഞാനത്തിൻ മൊഴിമുത്തായ്
ലിറ്റിൽ കൈറ്റ്സിൻ പാഠങ്ങൾ...
ലാപ്പിൽ ചെയ്തു പഠിച്ചീടാം...
ഉയരങ്ങളിലേയ്ക്കായി പറന്നീടാം....

ചിത്രങ്ങൾ വരച്ചോളൂ...
അക്ഷരങ്ങൾ മെനഞ്ഞോളൂ....
കാർട്ടൂണുകളാകാം പോന്നോളൂ...
മാലാഖകളെപ്പോലാകാം....


ചിത്രങ്ങൾ ചേർത്തീടാം
മൊഴിമുത്തുകളും കോർത്തീടാം...
ചലനങ്ങൾ നൽകീടാം...
കണ്ടു കണ്ടവ രസിച്ചീടാം...

വന്നോളൂ വന്നോളൂ....
കുഞ്ഞു കുഞ്ഞു പട്ടങ്ങളേ...
വാനിൽ പാറിപ്പറന്നീടാം...
മേഘച്ചിറകിൽ രസിച്ചീടാം....



ലിസി ടീച്ചർ
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

## വായനാക്കുറിപ്പ്




പുസ്തകത്തിന്റെ പേര്-കൊച്ചുരാജകുമാരൻ

രചന, ചിത്രീകരണം-അന്ത്വാൻ ദ് സാന്തേ

തർജമ,-ഫാ. ഡോ. കെ. എം ജോർജ്

ഫ്രഞ്ച് ബാലസാഹിത്യക്കാരൻ അന്ത്വാൻ ദ് സാന്തേ -ക്സ്യുപേരിയുടെ വിഖ്യാതകൃതികളായ 'ലിറ്റിൽ പ്രിൻസിന്റെ ' നേരിട്ടുള്ള വിവർത്തനമാണിത്.

സ്നേഹത്തിന്റെ ഒരു ഭാവഗീതമാണ് 'കൊച്ചുരാജകുമാരൻ '. കുട്ടികളുടെ മനസുമായി മേഘപാളികളിലൂടെ വിമാനം പറത്തിയ സാന്തേക്സ്, നമുക്ക് അജ്ഞാതമായ സ്നേഹത്തിന്റെ നിഗൂഢമേഖലകൾ അവതരിപ്പിക്കുന്നു.



നീലകണ്ണുള്ള, സ്വർണമുടിയുള്ളകൊച്ചുരാജകുമാരൻ വായനക്കാരെ സ്വപ്ന സങ്കല്പങ്ങളിലേക്ക് ആനയിക്കുന്നു. ഭാവനയും യഥാർത്ഥ്യവും സമന്വയിപ്പിക്കുന്നതാണ് സാന്തേക്സിന്റെ രചനാശൈലി. ഗ്രന്ഥകാരൻ തന്നെയാണ് ചിത്രങ്ങൾ വരച്ചിട്ടുള്ളതും. കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും മികച്ച ബാലസാഹിത്യരചനകളിൽ ഒന്നായി ഈ കൃതി വിശേഷിപ്പിക്കപ്പെടുന്നു. വളരെ അധികം വായനക്കാർക്ക് ഇഷ്ടപ്പെടുന്ന കൃതിയാണ് കൊച്ചുരാജകുമാരൻ.

# കൊച്ചുരാജകുമാരൻ


# കുഞ്ഞിത്തവളയുടെ അഹങ്കാരം

**ആസ്വാദനകുറിപ്പ്**




ഞാൻ വായിച്ച പുസ്തകയുടെ കുഞ്ഞിത്തവളയുടെ അഹങ്കാരം എന്ന പുസ്തകമാണ് ഞാൻ വായിച്ചത് ഈ പുസ്തകം എഴുതിയത് രാജി കല്ലിയൂറാണ് ഇതിലെ കഥാപാത്രങ്ങൾ കേളു അമ്മുമ്മ രാമനും സോമനും ആടുകൾ പപ്പി വേട്ടക്കാരൻ എന്നിവരാണ് എനിക്ക് ഈ പുസ്തകം ഇഷ്ടപ്പെട്ട കഥയാണ് കനൽ കട്ടയും പ്ലാവിനെയും ഈ കഥയിൽ നിന്ന് യഥാർത്ഥ സൗഹൃദം എങ്ങനെ വേണമെന്ന് പഠിക്കാൻ കഴിഞ്ഞു ഒരിടത്ത് ഒരു മുത്തശ്ശി ഉണ്ടായിരുന്നു നാം മുത്തശ്ശിക്ക് അടുപ്പ് ഉണ്ടാക്കി അതിൽ ആഹാരം വച്ച ആടിനെ പച്ചപ്രാവിലെ കൊണ്ടു കൊടുക്കാൻ പോയപ്പോൾ ആ മുത്തശ്ശി കാണാതെ അവിടെ നിന്ന് രക്ഷപ്പെട്ടു. അപ്പോൾ കനൽട്ട ഓടുന്നത് കണ്ടപ്പോ രാവിലെ ചോദിച്ച നീ എന്തിനാണ് ഓടുന്നത്? ആ മുത്തശ്ശി ആഹാരം ഉണ്ടാക്കി ഞങ്ങളെ അണയ്ക്കും എനിക്ക് വേദനിക്കും അതുകൊണ്ടാണ് ഞാൻ ഓടുന്നത് എന്താണ് വന്നത് ആടുകൾ ആടുകളെന്നെ കടിച്ച മുറിച്ച തിന്നും അതെനിക്ക് വേദനിക്കും അതുകൊണ്ടാണ് ഞാനും ഓടിപ്പോകുന്നത് നമ്മൾ രണ്ടുപേരും ഒരുമിച്ച് രക്ഷപ്പെട്ട നമുക്ക് കൂട്ടുകാരാവാം എന്നവർ പറഞ്ഞു അപ്പോൾ മഴപെയ്തു കണ്ണുകൾ കട്ട കരിയാൻ തുടങ്ങി. മഴ നനഞ്ഞാൽ താൻ അണയും എന്ന് പറഞ്ഞു നീ കിടക്ക് ഞാൻ നിന്റെ പുറത്തുക എന്ന് പറഞ്ഞു ഇങ്ങനെ ചെയ്തു കാരണം ഇലയ്ക്ക് പൊള്ളി അവൻ പറഞ്ഞു നീ എഴുന്നേൽക്കട്ട പറഞ്ഞു ഞാൻ എവിടേക്കും പോകില്ല യഥാർത്ഥ സൗഹൃദം എന്താണ് എന്നാണ് ഇവിടെ പറയുന്നത് അതുകൊണ്ട്

ജീവിതത്തിലെ പ്രശ്നങ്ങൾക്കുള്ള
ഗുണപാഠമാണ് ഈ കഥ എനിക്ക് കഥ
വളരെ അധികം ഇഷ്ടപ്പെട്ടു



## കഥ

# പവിഴമുത്തുകൾ

"ഡീ മതി പെട്ടെന്ന് വാ" പുറത്ത് നിന്ന് അലീന അകത്ത് പരീക്ഷ ഹാളിൽ ഇരിക്കുന്ന നന്ദുവിനു കൈകാണിച്ചു. ആത്തിയും നീലുവും അലീന എന്ന അല്ലിക്കുട്ടിയുടെ കാട്ടിക്കൂട്ടലുകൾ നോക്കുവായിരുന്നു. നന്ദു ഇറങ്ങിയതും അല്ലിവന്നു അവളുടെ തോളിലൂടെ കൈയിട്ടു. "എടീ ഇതിനുമാത്രം എന്താടീ ആ ചോദ്യത്തിൽ എഴുതാൻ ഉണ്ടായിരുന്നേ" അല്ലിയുടെ ചോദ്യത്തിന് നന്ദു ഒരു പുഞ്ചിരി നൽകി. "മൂന്നുപേരും പോയി ബാഗ് എടുത്തിട്ട് വാ","എടീ നീയൊന്നു സമാധാനപ്പെട്ടു" നന്ദു അല്ലിയോട് പറഞ്ഞു. നാലുപേരും ബാഗും തൂക്കി താഴേക്ക് പടിയിറങ്ങി.. താഴെ എക്സാം കഴിഞ്ഞ് നിൽക്കുന്ന എല്ലാവരോടും പോയി സംസാരിച്ചു. എല്ലാവരോടും 'same question തന്നെയായിരുന്നു' 'എളുപ്പം ഉണ്ടായിരുന്നോ' എന്ന് ചോദിച്ചു.എല്ലാവരോടും സംസാരിച്ചു കഴിഞ്ഞ് നേരെ ടീച്ചേഴ്സിന്റെ സ്റ്റാഫ് റൂമിലേക്ക് വിട്ടു.

## പവിഴമുത്തുകൾ





റിയാ ജോസ്
ക്ലാസ് 10 B

അവിടെ പോയി ചളിയടിച്ചു HM-നെയും കണ്ടു പിള്ളേർ എല്ലാം പോയിരുന്നു.പിന്നീട് നാലും സ്കൂൾ ചുറ്റിക്കാണാൻ ഇറങ്ങി. ആദ്യം അപ്പുറത്തെ ബ്ലോക്കിലേക്ക് പോയി എൽ കെ ജി ക്ലാസ്സിന്റെ മുന്നിലേക്ക് ഊഞ്ഞാലാടി കളിച്ചതിന് ശേഷം നാലുപേരും കാലും കൈയും കഴുകി. പൈപ്പ് തുറന്നു മുഖം കഴുകിയതും, ആ

വെള്ളത്തിനു ഇതുവരെയില്ലാത്ത ഒരു തണുപ്പ് ഉള്ളതായി അല്ലിക്ക് തോന്നി.ഏഴാം ക്ലാസ്സ് ബിൽഡിങ്ങിന്റെ താഴെ എത്തിയതും അല്ലിയും ആത്തിയും പരസ്പരം നോക്കി. നീലിയും നന്ദുവും ഈ വർഷം വന്നതുകൊണ്ട് തന്നെ അവർക്ക് ഇവിടം അത്ര പ്രിയപ്പെട്ടതായിരിക്കില്ല ആത്തി മനസിലോർത്തു. "ഡീ പണ്ട് ബ്രേക്ക് ടൈമിൽ ഇവിടെ വന്നു നിന്ന് എത്തി നോക്കുന്നത് ഓർമ്മയുണ്ടോ നിനക്ക്" അല്ലിയോട് ആത്തി ചോദിച്ചു."പിന്നെ മറക്കാൻ പറ്റുവോ" അല്ലി പഴയ കാര്യങ്ങൾ ഓർത്തുകൊണ്ട് ചെറുചിരിയോടെ പറഞ്ഞു. "അപ്പുറത്തെ ബ്ലോക്കിൽ വെള്ളം തീരുമ്പോ ഇവിടെ വരുന്നതും, കൊച്ചു പിള്ളേരോട് അടികൂടുന്നതും ഒക്കെ ഇപ്പൊ ഓർക്കുമ്പോ ചിരി വരണെടീ"അല്ലി പറഞ്ഞു."വാ നമുക്ക് നടക്കാം... ഇനിയും നിന്നാൽ താമസിക്കും" അങ്ങനെ നന്ദുവിന്റെ ഉപദേശപ്രകാരം എല്ലാരും നടന്നു. ആ ബ്ലോക്ക് ചുറ്റി കണ്ടു. പിന്നെ അവരുടെ സ്കൂളിലെ ഇപ്പുറത്തെ ബ്ലോക്കിൽ എത്തി. മെയിൻ ബ്ലോക്കിൽ നാല് പേരുടെയും മനസ്സിൽ ആ സ്കൂൾ മുറ്റത്തുകൂടി ഓടികളിച്ചതൊക്കെ ഓടിയെത്തി. ഓടികളിച്ച ക്ലാസ്സ് വരാന്തയും, അടിയും ഇടിയും കൂടി ഇണക്കങ്ങളും പരിഭവങ്ങളുമായി കഴിഞ്ഞ ക്ലാസ്സ്മുറികളും, വാത്സല്യപൂർവമുള്ള ടീച്ചർമാരുടെ ശകാരങ്ങൾ നിറഞ്ഞ സ്റ്റാഫ് റൂമും കളിക്കാൻ താല്പര്യമില്ലെങ്കിലും ഫ്രീ കിട്ടിയാൽ ഉടനെ ചാടി തുള്ളി പോകുന്ന ഗ്രൗണ്ടും എല്ലാം കണ്ടു അവർ അവസാനം അവരുടെ മെയിൻ സ്ഥലത്ത് എത്തി.'മാനസ' സ്കൂളിലത്തെ ഗേൾസ് ടോയ്‌ലറ്റ്. "ഡീ ഈ സ്കൂളിലെ നമ്മുടെ കുരുത്തക്കേടുകൾക്ക് കൂട്ടു നിന്ന സ്ഥലമാ ഇത് അല്ലെ"."പിന്നെ എത്ര ദിവസമാ ക്ലാസ്സ് കട്ട് ചെയ്ത് ഇവിടെ വന്നിരുന്നത്". "ചത്താലും മറക്കൂല". മൂന്നുപേരും ഇതൊക്കെ പറഞ്ഞിട്ടു തിരിയുമ്പോ അല്ലിയെ കാണാൻ ഇല്ലായിരുന്നു. മാനസയോട് ചേർന്നുള്ള ഓൾഡ് ടോയ്‌ലെറ്റിൽ കേറി നോക്കിയപ്പോ എപ്പോഴത്തെയും പോലെ അവിടെയുള്ള തട്ടിന്റെ മുകളിൽ കേറി ഡാൻസ് കളിക്കുവാ!! പിന്നെ ഒട്ടും താമസിച്ചില്ല ബാക്കി മൂന്നും കൂടി കേറി ആകെ മേളമാക്കി....
അങ്ങനെ കലാപരിപാടികൾ എല്ലാം കഴിഞ്ഞ് നാലും സ്റ്റേജിൽ കേറി ഇരുന്നു. "എടീ, എനിക്കിവിടെന്ന് പോവാൻ മനസ്സുവരണില്ല"അല്ലി പറഞ്ഞു. അതുകേട്ടപ്പോഴാണ് ഇന്ന് ഈ സ്കൂളിൽ തങ്ങളുടെ അവസാന ദിവസമായിരുന്നു എന്ന് ബാക്കി മൂന്നും ഓർത്തത്. നന്ദുവിന്റെ കണ്ണുകൾ പെയ്യാൻ തുടങ്ങി.നാലുപേരും പരസ്പരം കെട്ടിപിടിച്ചു കരഞ്ഞു. ഗേറ്റിനു

പുറത്തെത്തിയതും നീലിയുടെ അച്ഛൻ വിളിക്കാൻ വന്നു. അവൾ പോയതിനു പിന്നാലെ നന്ദുവിന്റെയും ആത്തിയുടെയും വീട്ടിൽ നിന്നും വന്നു. അങ്ങനെ നാലുപേരും നാല് വഴിയിലേക്ക് ആയി പിരിഞ്ഞു. അല്ലി മെല്ലെ നടന്നു മനസ്സാകെ കലങ്ങി മറിയുന്നുണ്ടായിരുന്നു. അവൾ തിരിഞ്ഞു സ്കൂൾ കെട്ടിടത്തിലേക്ക് നോക്കി." ഇത് ഞങ്ങൾ പഠിച്ചിരുന്ന സ്ഥലമല്ല ഞങ്ങൾ ജീവിച്ചിരുന്ന സ്ഥലമാ". ഒരുപാടു ഓർമ്മകൾ ഇവിടെ ബാക്കി വെച്ചിട്ടുണ്ട്. നിറഞ്ഞു തുളുമ്പിയ കണ്ണുകൾ തുടച്ചു വേറെ വേറെ വഴികളിൽ പോയി എങ്കിലും മനസ്സിൽ കഴിഞ്ഞ പത്തു മാസം തങ്ങൾ അറിയപ്പെട്ടിരുന്ന ആ പേര് "പത്ത് ബി സ്റ്റുഡന്റ്സ്" നാലുപേരും തങ്ങളുടെ ഹൃദയം പൊടിയുന്നത് അറിയുന്നുണ്ടായിരുന്നു. വഴിയരികിലെ ഒരു കല്ലുകെട്ടിന്റെ മുകളിലായി അല്ലി ഇരുന്നു. അവൾക്ക് നടക്കാൻ പറ്റുന്നുണ്ടായിരുന്നില്ല. അവൾ തന്റെ ബാഗ് തുറന്നു ഡയറി എടുത്തു. വഴിയിലൂടെ പോകുന്ന ആളുകളെ ഒന്നും അവൾ ശ്രദ്ധിച്ചില്ല. അവൾ അതിൽ എഴുതി തുടങ്ങി.

"അടുത്തുണ്ടായിരിന്നിട്ട് പോലും താൻ അറിയാതെ പോയ സൗഹൃദം ഒട്ടും പ്രതീക്ഷിക്കാതെ നമ്മൾ ഒന്നിച്ചു.... ഇന്ന് പിരിയുന്നു. ഇനി കാണുമോ എന്നറിയില്ല. ഈ സൗഹൃദം നിലനിൽക്കില്ല എന്നാണ് എല്ലാരും പറയുന്നത് ...അതിനു മറുപടി വാക്കുകൾ കൊണ്ട് നൽകുന്നില്ല പകരം ജീവിച്ചു കാണിക്കും." അത്രയും എഴുതി ഡയറി അടച്ചു വെച്ച് അവൾ വീട്ടിലേക്ക് നടന്നു. അവരുടെ സൗഹൃദത്തിന് സാക്ഷിയായി ആ കലാലയ മുറ്റം തലയുയർത്തി നിന്നു -വീണ്ടും സൗഹൃദങ്ങൾക്ക് സാക്ഷിയാകാൻ. ഒരു കുഞ്ഞു പെട്ടിയിൽ നിന്നും താഴെ വീണ ചിന്നിചിതറിയ പവിഴമുത്തുകൾ പോലെ അവർ പലവഴികളിലേക്ക് തിരിഞ്ഞു. ബാക്കിയുള്ള ജീവിതത്തിൽ കാലം അവർക്കായി കാത്തുവെച്ചത് എന്തൊക്കെ എന്നറിയാതെ ഒരുപിടി നല്ല ഓർമകളുമായി.




**ലഹരിവിരുദ്ധറാലിയിൽ നിന്നും......**

നിരൂപണം

# കാക്കലാം കാനം

കാക്കലാം കാനം

സൂര്യന് കീഴിലുള്ള ഏതൊരു വസ്തുവിനെയും മനസ്സിലാക്കുവാൻ മനുഷ്യൻ സാങ്കേതികവിദ്യകൾ ഉപയോഗിക്കുമ്പോൾ പുതുതലമുറ മറന്നു പോകുന്ന ഒരു കാര്യമാണ് വായന. വായനയുടെ ലോകം വളരെ കൗതുകം നിറഞ്ഞതും വിശാലവും ആണ്, വ്യത്യസ്ത വ്യക്തികളുടെ വ്യത്യസ്തമായ ആശയങ്ങളും അവരുടെ സർഗാത്മകതയും കൂടിച്ചേരുമ്പോഴാണ് മനോഹരമായ ഒരു സൃഷ്ടി ഉണ്ടാകുന്നത്. പുസ്തകങ്ങളെ ഇഷ്ടപ്പെടുന്ന ഒരു വ്യക്തിക്ക് പുസ്തകങ്ങൾ എന്നും നല്ല സുഹൃത്തുക്കൾ ആയിരിക്കും. ഞാനിന്ന് നിങ്ങളെ പരിചയപ്പെടുത്തുന്നത് കേരളീയ സംസ്കാരവും യഹൂദ മതഗ്രന്ഥ ആശയങ്ങളും മുൻനിർത്തിയിട്ടുള്ള പ്രശസ്ത നോവലിസ്റ്റ് ആയ പ്രേംദാസ് സ്വാമിദാസ് യഹൂദി എഴുതിയ കാക്കലാം കാനം എന്ന പുസ്തകത്തെ ആണ്. എഴുത്തുകാരന്റെ മറ്റൊരു പേര് ഹേഹകാം. ഏഴ് പാഠങ്ങളായി തിരിച്ച് നിരന്തരം വഞ്ചിക്കപ്പെടുന്ന ഒരു കൂട്ടം ആൾക്കാരെ സമൂഹത്തിന്റെ മുൻപിൽ ചിത്രീകരിക്കുകയാണ് ലേഖകൻ. വിദ്യാഭ്യാസത്തിന്റെ അഭാവം മൂലവും ശക്തമായി തങ്ങളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തുവാൻ കഴിയാത്തതുകൊണ്ടും അവർ നിരന്തരം ഭരണാധിപന്മാരാൽ തന്നെ വഞ്ചിക്കപ്പെടുന്നു. കേരളത്തിലും മറ്റു പല സ്ഥലങ്ങളിലും നടന്നുവരുന്ന രാഷ്ട്രീയ കീഴ്വഴക്കങ്ങളെയും ഈ നോവൽ പ്രതിപാദിക്കുന്നു. വഞ്ചിക്കപ്പെടുമ്പോഴും നിസ്സഹായരായ ജനങ്ങൾക്ക് വഞ്ചിക്കുന്നവരെ തന്നെ തങ്ങളുടെ ഭരണാധിപന്മാരായി വാഴിക്കുവാൻ അവർ നിർബന്ധിതരാകുന്നു. ലളിതമായ ഭാഷയിലൂടെയും ഹൃദ്യമാർന്ന രചന തന്ത്രത്തിലൂടെയും നോവൽ മുന്നോട്ടു പോവുകയും അത് വായനക്കാരിൽ വായിക്കുവാൻ ആയി കൗതുക ഉണർത്തുകയും ചെയ്യുന്നു. ഇതൊരു മലയാള നോവൽ ആണെങ്കിലും പല


ഏയ്ഞ്ചൽ റ്റി എസ്
ക്ലാസ് 10 B


ഭാഗങ്ങളിലും യഹൂദ്യാ ഭാഷയിലുള്ള വാക്കുകളും യഹൂദ മതഗ്രന്ഥത്തിലെ നിയമങ്ങളും വളരെ ലളിതമായി പറഞ്ഞു പോകുന്നുണ്ട്. ഒരു സാധാരണ മനുഷ്യാവസ്ഥയുടെ കഥ മനുഷ്യന് മുൻപിൽ തുറന്നു കാട്ടുന്ന മനോഹരമായ ഒരു സൃഷ്ടിയാണ് കാക്കലാം കാനം എന്ന ഈ നോവൽ. ഏതു പ്രായത്തിലുള്ളവർക്കും തടസ്സമില്ലാതെ സ്വന്തം ഇഷ്ടത്തിന് അനുസരിച്ച് ചെയ്യുവാൻ കഴിയുന്ന ഒന്നാണ് വായന. വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും എന്ന കുഞ്ഞുണ്ണി മാഷിന്റെ മഹത്വചനം ഓർമ്മിപ്പിച്ചുകൊണ്ട് വായനയെ സുഹൃത്തായി കണ്ട് കൂടെ കൂട്ടുവാൻ എല്ലാ കൂട്ടുകാർക്കും സാധിക്കട്ടെ, നന്ദി.

-എയ്ഞ്ചൽ. റ്റിഎസ്

# നായയും അവന്റെ പ്രതിബിംബവും

നായയും അവന്റെ പ്രതിബിംബവും

കശാപ്പുകാരൻ അസ്ഥി എറിഞ്ഞ ഒരു നായ തന്റെ സമ്മാനവുമായി വേഗത്തിൽ വീട്ടിലേക്ക് പാഞ്ഞു കൊണ്ടിരുന്നു, അവൻ ഒരു ഇടുങ്ങിയ നടപാലം മുറിച്ചുകടക്കുമ്പോൾ അവൻ താഴേക്ക് നോക്കുമ്പോൾ, ഒരു കണ്ണാടിയിലെന്ന പോലെ ശാന്തമായ വെള്ളത്തിൽ സ്വയം പ്രതിഫലിക്കുന്നത്



കണ്ടു, പക്ഷേ അത്യാഗ്രഹിയായ നായ ഒരു യഥാർത്ഥ നായ തന്റേതിനേക്കാൾ വലിയ അസ്ഥി ചുമക്കുന്നതായി അവൻ വിചാരിച്ചു. അവൻ വിചാരിച്ച കുനിഞ്ഞിരുന്നെങ്കിൽ അവൻ നന്നായി അറിയുമായിരുന്നു. പക്ഷേ, ചിന്തിക്കുന്നതനു പകരം അവൻ തന്റെ അസ്ഥി താഴ്ത്തി



നദിയിലെ നായയുടെ നേരെ കുതിച്ചു, പ്രിയപ്പെട്ട ജീവൻ കരയിലെത്താൻ നീന്തുന്നത് കണ്ടു. അവസാനം അയാൾക്ക് പുറത്തേക്ക് പോകാൻ കഴിഞ്ഞു, തനിക്ക് നഷ്ടപ്പെട്ട നല്ല അസ്ഥിയെക്കുറിച്ച് സങ്കടത്തോടെ

നായയുടെ ധാർമ്മികതയും അവന്റെ പ്രതിഫലനവുമാണ് മഹത്തായത്.

നിൽക്കുമ്പോൾ, താൻ എന്തൊരു മണ്ടൻ നായയാണെന്ന് അയാൾക്ക് മനസ്സിലായി.

അത്യാഗ്രഹിക്കുന്നത് അത്യന്തം ഭോഷത്വമാണ്.

ശിവാനി ആർ 10 A

കഥ

# പ്രകാശം പറയുന്നവർ...




ഒരു വൃദ്ധ ബ്രഹ്മണൻ കർണനെ കാണാൻ ചെന്നു"എനിക്ക് അങ്ങ് ഒരു സഹായം ചെയ്യണം "_ വൃദ്ധ ബ്രഹ്മണൻ അപേക്ഷിച്ചു.

പുഞ്ചിരി തൂകികൊണ്ട് കർണൻ പറഞ്ഞു

"അങ്ങയുടെ വേഷമാറ്റം എന്നെ കബളിപ്പിക്കയില്ല,

അങ്ങ് ഇന്ദ്രനാണെന്ന് എനിക്കറിയാം.. ആട്ടെ,. അങ്ങേക്ക് വേണ്ടത് ഞാൻ തരാം."

"എനിക്ക് അങ്ങയുടെ പടച്ചട്ടയും കുണ്ടലങ്ങളും വേണം "_ഇന്ദ്രൻ ആവിശ്യപ്പെട്ടു.

ഒട്ടും സംശയിക്കാതെ കർണ്ണൻ അവ ഊരി എടുത്ത് നൽകി, താൻ മരിക്കുമെന്നറിയാമെങ്കിലും. അതേ സമയം ഒരു കൃതാർത്ഥതയും ഉണ്ടായി- മറ്റൊരാളുടെ ആഗ്രഹം സാധിപ്പിച്ചല്ലോ! ഇന്ദ്രൻ വന്ന കാര്യം നേടി അതിൽ സന്തോഷവുമുണ്ടായി അതേസമയം കർണനോട് അതിയായ മതിപ്പ് തോന്നുകയും ചെയ്തു എന്തൊരു മാതൃകാബുദ്ധിയായിരുന്നു അത്.



നാടകവുമായ് കൊച്ചുകുട്ടകാർ




# റൈറ്റ് ക്ലിക്ക്

## ഡിജിറ്റൽ മാഗസിൻ





## 2021-2023

## ലിറ്റിൽ കൈറ്റ്സ്



